01
2024
ഫെബ്രുവരി
വ്യാഴം
മകരം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.120 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-120 | പേജ് 4. വില 2.00 രൂപ




02 ഡൽഹിയിലേത് സമരം തന്നെ, വിഷയത്തിൽ യുഡിഎഫ് നിലപാട് തിരുത്തണം: മുഖ്യമന്ത്രി

03 എൻജിൻ തകരാർ മൂലം കടലിൽ അകപ്പെട്ട മത്സ്യതൊഴിലാളികളെ രക്ഷിച്ചു

04 വേനൽ കടുക്കും; ജലക്ഷാമം രൂക്ഷമാകും: ജീവൻ വയ്ക്കാതെ ജൽജീവൻ മിഷൻ പദ്ധതികൾ

# സാമ്പത്തിക ഉപരോധം കേരളത്തെ ഞെരുക്കുന്നു

## സംസ്ഥാനതാത്പര്യങ്ങളെ കേന്ദ്രവും പ്രതിപക്ഷവും കൈയൊഴിയുന്നു

തിരുവനന്തപുരം: നിയമസഭയിൽ കേന്ദ്ര സർക്കാറിനും പ്രതിപക്ഷത്തിനുമെതിരേ രൂക്ഷവിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. നിലവിലെ സവിശേഷ രാഷ്ട്രീയ സാഹചര്യത്തിൽ കേരളത്തിന്റെ താത്പര്യങ്ങളെ കേന്ദ്രവും സംസ്ഥാനത്തെ പ്രതിപക്ഷവും ഒരുപോലെ കൈയൊഴിയുകയാണ്. ഇപ്പോൾ സാമ്പത്തിക ഉപരോധത്തിന്റെ രൂപത്തിലാണ് കേന്ദ്രത്തിന്റെ നീക്കമെന്നും അത് കേരളത്തെ ഞെരുക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

മതേതരത്വവും മതനിരപേക്ഷതയും കനത്ത വെല്ലുവിളിയാണ് നേരിടുന്നത്. ചില വിഭാഗങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ അവർ ജനിച്ചുവളർന്ന ദേശത്തുത



പിക്കുന്നു. അന്ധവിശ്വാസങ്ങൾക്ക് പ്രചാരം നൽകുന്ന അവസ്ഥയിലേക്ക് രാജ്യത്തെ ചിലർ തള്ളിവിടുകയാണ്. നാനജാതി മതസ്ഥരെ പ്രതിനിധാനം ചെയ്യുന്ന ഭരണാധികാരികൾ മതചടങ്ങുകളിൽ പുരോഹിതരാകുന്നത് മതനിരപേക്ഷ സ്ഥാപനത്തിന്റെ അടിസ്ഥാന ശിലകൾക്ക് ഇളക്കമുണ്ടാക്കുന്ന പ്രവൃത്തിയാണ്. രാജ്യത്ത് ഏകീകൃത സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. എന്നാൽ ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കാൻ സർക്കാർ പോരാടും.

കേന്ദ്രസർക്കാറിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വോട്ടുചോദിക്കാൻ പറ്റാത്ത സാഹചര്യമായപ്പോൾ രാജ്യത്ത് ജനകോടികൾ ആരാധിക്കുന്ന ദൈവങ്ങളുടെ പേരിൽ വോട്ടുചോദിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ തിരഞ്ഞെടുപ്പ് കാലത്ത് ജനങ്ങളുടെ മുമ്പിൽവെച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഓരോ വർഷം കഴിയുംതോറും എത്രത്തോളം നടപ്പാക്കിയെന്ന നൂതന ജനാധിപത്യരീതി 2017 മുതൽ കേരളത്തിലെ എൽഡിഎഫ് സർക്കാർ അവലംബിച്ചുവരുന്നുണ്ട്. വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നതിന്റെയും നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ സമ്മതിദായകരുടെ വോട്ട് നേടുന്നത്.

വരുമാനത്തിന്റെ നിശ്ചിത വിഹിതം മൂലധനചെലവിനായി കിഫ്ബി മുഖാന്തരം നീക്കിവെക്കാനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുന്നതിനുവേണ്ടി ധനസമാഹാരം നടത്താനും സർക്കാർ നടത്തിയ ശ്രമങ്ങൾ നല്ല ഉദ്ദേശത്തോടെയായിരുന്നു. എന്നാൽ ഇതിനെ ചോദ്യംചെയ്ത് കേരളത്തിന്റെ വായ്പാനികുതി 2021 22 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെയാണ് സർക്കാർ വെട്ടിക്കുറയ്ക്കുന്നത്. 15ാം ധനകാര്യ കമ്മിഷൻറെ രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുള്ള ശുപാർശയ്ക്ക് വിരുദ്ധമായ കാര്യങ്ങളാണ് ഇപ്പോൾ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

കേന്ദ്രത്തിൻറെ ഭരണഘടനാ വിരുദ്ധമായ നടപടികളേത്തുടർന്നാണ് ഒന്നിച്ചുനിന്നു പ്രതിഷേധിക്കാൻ തീരുമാനിച്ചത്. കോൺഗ്രസിനെയും ഇതിന് ക്ഷണിച്ചെങ്കിലും വലിയ വിമുഖതയാണ് അവരുടെ ഭാഗത്തുനിന്നുണ്ടായത്. സംസ്ഥാന താത്പര്യങ്ങളോടുള്ള മുഖം തിരിച്ച് നിൽപ്പാണിത്. നമ്മുടെ രാജ്യത്തെ ഫെഡറൽ വ്യവസ്ഥയുടെ നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടമാണിവിടെ നടക്കുന്നത്. അതിൽ നിന്നുള്ള ഒളിച്ചോട്ടമാണ് കോൺഗ്രസ് നടത്തിയത്. എന്നാൽ ഇടതുപക്ഷത്തിന് സ്വാധീനം കുറഞ്ഞ സ്ഥലങ്ങളിൽ സംഘപരിവാറിനെ മാറ്റിനിർത്തുന്നതിനായി കോൺഗ്രസിനെ സഹായിക്കാൻ യാതൊരു മടിയില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# കെറെയിൽ അട്ടിമറിക്കാൻ പ്രതിപക്ഷനേതാവ് 150 കോടി കൈപ്പറ്റി; ആരോപണവുമായി പി.വി. അൻവർ

തിരുവനന്തപുരം: കെറെയിൽ അട്ടിമറിക്കാൻ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അന്യസംസ്ഥാന കോർപറേറ്റ് ഭീമന്മാരിൽനിന്ന് 150 കോടി കൈപ്പറ്റിയെന്ന ആരോപണവുമായി പി.വി. അൻവർ എംഎൽഎ. പദ്ധതി നടപ്പായാൽ കേരളത്തിന്റെ ഐ.ടി. മേഖലയിൽ ഉണ്ടാകാൻപോകുന്ന കുതിച്ചുചാട്ടം ഇല്ലാതാക്കാൻ അന്യസംസ്ഥാനങ്ങളിലെ ഐ.ടി. ഭീമന്മാർ കേരളത്തിലെ കോൺഗ്രസിനെ കൂടെനിർത്തി പ്രവർത്തിച്ചതിന്റെ ഫലമാണ് കെറെയിലുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങളെന്ന് പി.വി. അൻവർ നിയമസഭയിൽ ആരോപിച്ചു.

അഞ്ചുവർഷം കൊണ്ട് 25 വർഷത്തെ പുരോഗതി കൈവരിക്കാൻ ഉതകുമായിരുന്ന കെറെയിൽ പദ്ധതി അട്ടിമറിക്കാൻ അന്യസംസ്ഥാനത്തെ കോർപറേറ്റ് ഭീമന്മാരെ പ്രേരിപ്പിച്ചത് കേരളത്തിലെ യുവത ജോലികൾക്കായി പിന്നീടവരെ ആശ്രയിക്കില്ല എന്ന തിരിച്ചറിവുകൊണ്ടാണെന്നും അൻവർ പറഞ്ഞു. ഒന്നാം ഘട്ടത്തിൽ കാര്യമായ എതിർപ്പ് പ്രകടിപ്പിക്കാതിരുന്ന പ്രതിപക്ഷം പിന്നീടങ്ങോട്ട് എന്തുസംഭവിച്ചാലും പദ്ധതി നടപ്പാക്കാൻ അനുവദിക്കില്ലെന്ന സമീപനം സ്വീകരിച്ചത് പണം കൈപ്പറ്റിയതിനാലാണെന്നും അൻവർ ആരോപിച്ചു.

'ആ കൊടുംചതി ചെയ്യുന്നതിനായി എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലുമായി കോർപറേറ്റ് കമ്പനികൾ ഗൂഢാലോചന നടത്തി, ദൗത്യത്തിന്റെ ഉത്തരവാദിത്വം കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ ഏൽപ്പിക്കുകയായിരുന്നു. ദൗത്യം വിജയിച്ചാൽ കേരളത്തിന്റെ മുഖ്യമന്ത്രി പദമാ



യിരുന്നു വി.ഡി. സതീശന് നൽകിയിരുന്ന ഓഫർ. തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ വിജയിപ്പിക്കാൻ എത്ര പണം മുടക്കാനും അവർ തയ്യാറായിരുന്നു', അൻവർ പറഞ്ഞു.

2021ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കെറെയിൽ കേരളത്തെ രണ്ടായി വെട്ടിമുറിക്കാനുള്ള പദ്ധതിയാണെന്ന് കുപ്രചരണം നടത്തി സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തിയത് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിലാണെന്നും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നാടിന്റെ എല്ലാ വികസന പദ്ധതികൾക്കും പാരവയ്ക്കുന്ന പ്രതിപക്ഷമാണ് കേരളത്തിലുള്ളതെന്നും അൻവർ പറഞ്ഞു.

'2021 ഫെബ്രുവരിയിലും മാർച്ചിലുമായി ഇലക്ഷൻ ഫണ്ട് എന്ന നിലയ്ക്ക് 150 കോടി രൂപയാണ് വി.ഡി. സതീശന്റെ കൈയിലെത്തിയത്. ശീതീകരിച്ച മത്സ്യം കൊണ്ടുവരുന്ന കണ്ടെയ്നർ ലോറികളിലൂടെ മൂന്ന് ഘട്ടങ്ങളിലായി 50 കോടി വീതമാണ് പണം തൃശ്ശൂർ ചാവക്കാടിനടുത്തുള്ള ചേറ്റുവ കടപ്പുറത്ത് എത്തിച്ചത്. അവിടെ നിന്ന് ആംബുലൻസുകളിലാണ് പണം വി.ഡി. സതീശന്റെ കൂട്ടാളികളുടെ കൈകളിലെത്തിച്ചത്', അൻവർ ആരോപിച്ചു.

ഈ പണം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി നേതാക്കൾക്ക് നൽകുകയോ കേരളത്തിൽ ചെലവഴിക്കുകയോ അല്ല, പകരം കർണാടകയിലാണ് പ്രതിപക്ഷ നേതാവ് നിക്ഷേപിച്ചതെന്നും ഇതിന്റെ ഭാഗമായാണ് ഒരു മാസത്തിൽ മൂന്നുതവണയെങ്കിലും വി.ഡി. സതീശൻ ബാംഗ്ലൂരിലേക്ക് പോകുന്നതെന്നും ഇതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നും അൻവർ ആവശ്യപ്പെട്ടു.

കെപിസിസിയുടെ ഔദാര്യം ഇല്ലാതെതന്നെ തിരഞ്ഞെടുപ്പ് താൻ നടത്തും എന്ന് വി.ഡി. സതീശൻ പറഞ്ഞത് ഈ പണം കൈയിലുള്ള ധൈര്യത്തിലാണെന്നും അൻവർ ആരോപിച്ചു. കോൺഗ്രസ് പ്രവർത്തകരോടടക്കം കേരളത്തിലെ മുഴുവൻ ജനങ്ങളോടും മാപ്പർഹിക്കാത്ത കൊടും പാപമാണ് സതീശൻ ചെയ്തതെന്നും അൻവർ പറഞ്ഞു.

# വീണാ വിജയന്റെ കമ്പനിക്കെതിരെ എസ്.എഫ്.ഐ.ഒ അന്വേഷണം

## ● എട്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ ഉടമസ്ഥതയിലുള്ള കമ്പനിക്കെതിരെ എസ്.എഫ്.ഐ.ഒ അന്വേഷണം. സി.എം.ആർ.എൽ എക്സാലോജിക് ഇടപാടിലാണ് നിലവിൽ സീരിയസ് ഫ്രോഡ് ഇൻവസ്റ്റിഗേഷൻ ഓർഗനൈസേഷൻറെ അന്വേഷണം. കോർപറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിന്റെ കീഴിൽ അറസ്റ്റിന് അധികാരമുള്ള ഏജൻസിയാണ് എസ്.എഫ്.ഐ.ഒ.

മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയന്റെ എക്സാലോജിക് കമ്പനിക്ക് സി.എം.ആർ.എൽ. കമ്പനി ഇല്ലാത്ത സേവനത്തിന് പ്രതിഫലം നൽകിയെന്ന കണ്ടെത്തലിനെ തുടർന്നാണ് നിലവിൽ അന്വേഷണം. ആറംഗ സംഘത്തിനാണ് അന്വേഷണ ചുമതല. എട്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നും നിർദേശം.

സി.എം.ആർ.എൽ എക്സാലോജിക് ഇടപാടിൽ എസ്.എഫ്.ഐ.ഒ അന്വേഷണത്തിൽ കേന്ദ്രം നിലപാട് വ്യക്തമാക്കാത്തതിൽ ഹൈക്കോടതി അതൃപ്തി അറിയിച്ചിരുന്നു. എന്തുകൊണ്ട് നിലപാട് വ്യക്തമാക്കുന്നില്ലെന്ന് അന്ന് കോടതി ചോദിച്ചിരുന്നു. കേന്ദ്രത്തിന്റെ മറുപടിയിൽ താൻ തൃപ്തനല്ലെന്നും കോടതി വ്യക്തമാക്കിയിരുന്നു.

ഇടപാടിൽ ദുരൂഹതയുണ്ടെന്ന് ചൂണ്ടിക്കാട്ടി ആർ.ഒ.സി. (രജിസ്ട്രാർ ഓഫ് കമ്പനീസ്) യുടെ റിപ്പോർട്ടും അടുത്തിടെ പുറത്തുവന്നിരുന്നു. ആർ.ഒ.സി. ആവശ്യപ്പെട്ട രേഖകൾ എക്സാലോജിക്ക് സമർപ്പിച്ചിരുന്നില്ല. കരാറിന്റെ വിശദാംശങ്ങളും ഹാജരാക്കിയില്ല. ജി.എസ്.ടി. അടച്ചുവെന്ന് മാത്രമാണ് എക്സാലോജിക് മറുപടി നൽകിയത്. ഇടപാട് വിവരം സി.എം.ആർ.എൽ. മറച്ചുവെച്ചെന്നും റിലേറ്റഡ് പാർട്ടിയായ എക്സാലോജിക്കുമായുള്ള ഇടപാട് അറിയിച്ചില്ലെന്നും ആർ.ഒ.സി. റിപ്പോർട്ടിൽ പരാമർശിച്ചു. ഈ ആർ.ഒ.സി. റിപ്പോർട്ടാണ് വിഷയത്തിൽ കോർപറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിന്റെ വിശദമായ അന്വേഷണത്തിലേക്ക് വഴിതെളിച്ചത്.

# പേടിഎമ്മിനുമേൽ നിയന്ത്രണം കടുപ്പിച്ച് ആർബിഐ; നിക്ഷേപം സ്വീകരിക്കരുത്, യുപിഐയും ഉപയോഗിക്കാനാവില്ല

മുംബൈ: പേടിഎം പേയ്മെന്റ്സ് ബാങ്കിന്റെ ചില സേവനങ്ങൾ നിർത്തലാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ഫെബ്രുവരി 29 മുതൽ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കാനോ വാലറ്റുകൾ ടോപ്പ് അപ്പ് ചെയ്യാനോ പാടില്ലെന്നും പുതിയ ഉപഭോക്താക്കളെ ചേർക്കരുതെന്നുമാണ് പ്രധാന നിർദേശം.

അതേസമയം, ഉപഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കാനാവില്ലെങ്കിലും അക്കൗണ്ടിൽ നിലവിലുള്ള തുക പിൻവലിക്കാൻ കഴിയും. പേടിഎം സേവിങ്സ് അക്കൗണ്ട്, ഫാസ്ടാഗ്സ്, കറന്റ് അക്കൗണ്ട്സ്, വാലറ്റ് എന്നിവയിൽ നിന്ന് പണം പിൻവലിക്കാനോ ഉപയോഗിക്കാനോ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ബാങ്കിന്റെ യുപിഐ സൗകര്യങ്ങൾ ഉപഭോക്താക്കൾക്ക് ഉപയോഗിക്കാനാവില്ല.

ഫെബ്രുവരി 29ാം തീയ്യതിയോ അതിനുമുമ്പോ തുടങ്ങിയ എല്ലാ ട്രാൻസാക്ഷനുകളും മാർച്ച് 15നകം അവസാനിപ്പിക്കണം. ആർബിഐയുടെ ചട്ടങ്ങളിൽ പേടിഎം പേയ്മെന്റ്സ് ബാങ്ക് തുടർച്ചയായി വീഴ്ചകൾ വരുത്തുന്നുവെന്ന റിപ്പോർട്ടിനെ തുടർന്നാണ് നടപടി.

## വാഹന ഉടമകൾ ആധാർ ലിങ്ക്ഡ് മൊബൈൽ നമ്പറുകൾ വാഹനിൽ ഉൾപ്പെടുത്തണം

**അവസാന തീയതി ഫെബ്രുവരി 29**

മോട്ടോർ വാഹന വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ സുതാര്യമായും വേഗത്തിലും ലഭ്യമാക്കുന്നതിന്റെ ഭാഗമായി, വിവിധ സേവനങ്ങൾ ആധാർ ഓതന്റിക്കേറ്റഡ്/ ഫെയ്സ് ലെസ് രീതിയിൽ നൽകിവരുന്നു. ഇതിനായി വാഹന ഉടമകളുടെ ആധാറുമായി ലിങ്ക് ചെയ്യപ്പെട്ടിട്ടുള്ള മൊബൈൽ നമ്പറുകൾ വാഹൻ ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. വാഹന ഉടമകൾക്ക് തന്നെ മൊബൈൽ നമ്പറുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ടി പരിവാഹൻ വെബ്സൈറ്റിൽ സൗകര്യം ഏർപ്പെടുത്തി. ഇങ്ങനെ സ്വയം അപ്ഡേറ്റ് ചെയ്യുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം വാഹന ഉടമകൾക്ക് രജിസ്റ്ററിങ് അതോറിറ്റിയുമായി ബന്ധപ്പെട്ടു മൊബൈൽ അപ്ഡേഷൻ പൂർത്തീകരിക്കാം.

# ഹേമന്ത് സോറൻ അറസ്റ്റിൽ: ഗവർണർക്ക് രാജിക്കത്ത് നൽകി;

## മുഖ്യമന്ത്രിസ്ഥാനത്തേക്ക് ചംപൈ സോറൻ

റാഞ്ചി: കള്ളപ്പണം വെളുപ്പിക്കൽ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നേരിടുന്ന ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ രാജിവെച്ചു. രാജ്ഭവനിലെത്തി ഗവർണർ സി.പി. രാധാകൃഷ്ണന് ഹേമന്ത് സോറൻ രാജിക്കത്ത് കൈമാറി. നിലവിലെ ഗതാഗതമന്ത്രിയായ ചംപൈ സോറനെ പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തതായി ജെ.എം.എം. എം.എൽ.എമാർ അറിയിച്ചു.

ഇ.ഡി. അറസ്റ്റ് ചെയ്യുന്നതിന് തൊട്ടുമുമ്പായിരുന്നു ഹേമന്ത് സോറന്റെ രാജി. രാജിയ്ക്ക് പിന്നാലെ ബുധനാഴ്ച രാത്രി 9.30ന് അധികൃതർ അദ്ദേഹത്തിന്റെ അറസ്റ്റ് രേഖപ്പെടുത്തി. ഏഴ് മണിക്കൂർ നീണ്ട ചോദ്യം ചെയ്യലിനൊടുവിലാണ് അറസ്റ്റ്. ഹേമന്ത് സോറനെ ഇ.ഡി. നാളെ കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം.

കസ്റ്റഡിയിലുള്ള സോറൻ ഇ.ഡി. ഉദ്യോഗസ്ഥർക്കൊപ്പം രാജ്ഭവനിലെത്തിയാണ് ഗവർണർക്ക് രാജിക്കത്ത് കൈമാറിയതെന്ന് ജെ.എം.എം. എം.പി. മഹുവ മാജി അറിയിച്ചു. ചംപൈ സോറൻ മുഖ്യമന്ത്രിയാവുമെന്ന് ഇവർ സ്ഥിരീകരിച്ചു. ഭരണകക്ഷി എം.എൽ.എമാർക്കൊപ്പം രാജ്ഭവനിലെത്തി ചംപൈ സോറൻ ഗവർണറെ കണ്ടു. നേരത്തെ, ഹേമന്ത് സോറന്റെ ഭാര്യ കൽപന സോറൻ മുഖ്യമന്ത്രിയായേക്കുമെന്ന് അഭ്യൂഹമുണ്ടായിരുന്നു.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ തിരച്ചിൽനടപടിക്കിടെ ഡൽഹിയിൽനിന്ന് അപ്രത്യക്ഷനായ ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ 30 മണിക്കൂറുകൾക്കുശേഷം റാഞ്ചിയിൽ വീണ്ടും പ്രത്യക്ഷപ്പെട്ടിരുന്നു. തിങ്കളാഴ്ച സോറന്റെ ഡൽഹിയിലെ വീട്ടിൽ പരിശോധനയ്ക്കെത്തിയ ഇ.ഡി. സംഘത്തിന് അദ്ദേഹത്തെ കണ്ടെത്താനായിരുന്നില്ല. 13 മണിക്കൂർനീണ്ട തിരച്ചിലിൽ വീട്ടിൽനിന്ന് 36 ലക്ഷം രൂപയും ചില സുപ്രധാനരേഖകളും ഇ.ഡി. സംഘം പിടിച്ചെടുത്തു. വീട്ടിൽ നിർത്തിയിട്ടിരുന്ന ബി.എം.ഡബ്ള്യു. ആഡംബരക്കാർ കസ്റ്റഡിയിലെടുത്തു.

ഒടുവിൽ ചൊവ്വാഴ്ച ഉച്ചയോടെ റാഞ്ചിയിൽ അടിയന്തരമായി വിളിച്ച എം.എൽ.എ.മാരുടെ യോഗത്തിലാണ് സോറൻ പ്രത്യക്ഷപ്പെട്ടത്. വ്യക്തിപരമായ ആവശ്യങ്ങൾക്കായി കഴിഞ്ഞ ദിവസം ഡൽഹിക്കു പോയെന്നായിരുന്നു വിശദീകരണം.

കഴിഞ്ഞ 20ന് റാഞ്ചിയിലെ ഔദ്യോഗിക വസതിയിലെത്തി ഇ.ഡി. ഉദ്യോഗസ്ഥർ സോറനെ ചോദ്യം ചെയ്തിരുന്നു. തുടർന്ന് 29നോ 31നോ ഹാജരാകണമെന്നാവശ്യപ്പെട്ട് നോട്ടീസും നൽകി. ഇതിനു കൃത്യമായ മറുപടിനൽകാതെ ഞായറാഴ്ച സോറൻ റാഞ്ചിയിൽനിന്ന് ഡൽഹിയിലേക്കുപോയി. ഇതോടെയാണ് ഇ.ഡി. സംഘം ഡൽഹിയിലെത്തിയത്.

# കരിപ്പൂരിൽനിന്നുള്ള ഹജ്ജ് യാത്രാ ടിക്കറ്റ് നിരക്കിൽ ഇളവ്; 40,000 രൂപ കുറയ്ക്കുമെന്ന് കേന്ദ്രം

ന്യൂഡൽഹി: കരിപ്പൂരിൽനിന്ന് ഹജ്ജിന് പോകുന്ന യാത്രക്കാരുടെ വിമാന ടിക്കറ്റ് നിരക്കിൽ ഇളവ് നൽകുമെന്ന് ഉറപ്പുനൽകി കേന്ദ്ര ന്യൂനപക്ഷ, ഹജ്ജ് കാര്യ വകുപ്പ് മന്ത്രി സ്മൃതി ഇറാനി. കരിപ്പൂരിൽനിന്ന് ഹജ്ജിന് പോകുന്ന യാത്രക്കാരോടുള്ള വിവേചനം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് മുസ്!ലിം ലീഗ് എം.പിമാരായ ഇ.ടി. മുഹമ്മദ് ബഷീർ, ഡോ. അബ്ദുസ്സമദ് സമദാനി, പി.വി. അബ്ദുൽ വഹാബ് എന്നിവരാണ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. കരിപ്പൂരിൽ നിന്നുള്ള ടിക്കറ്റ് നിരക്കിൽ 40,000 രൂപ കുറയ്ക്കാമെന്ന് മന്ത്രി അറിയിച്ചതായും എം.പിമാർ വ്യക്തമാക്കി.

കേരളത്തിലെയും രാജ്യത്തെ മറ്റു ഭാഗങ്ങളിലെയും എംബാർക്കേഷൻ പോയിന്റുകളിൽ നിന്ന് വ്യത്യസ്തമായി കരിപ്പൂരിൽനിന്നുള്ള ഹജ്ജ് യാത്രക്കാരോട് അധികൃതരുടെ ഭാഗത്തുനിന്ന് കടുത്ത വിവേചനമാണ് ഉണ്ടായതെന്നും എം.പിമാർ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി. കരിപ്പൂർ എംബാർക്കേഷൻ പോയിന്റിൽ വിമാന ടിക്കറ്റ് നിരക്കിലുണ്ടായ ഭീമമായ അന്തരവും എം.പിമാർ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കൊച്ചിയിലെയും കണ്ണൂരിലെയും എംബാർക്കേഷൻ പോയന്റുകളിൽനിന്ന് ഈടാക്കുന്നതിനേക്കാൾ 80,000 രൂപയുടെ വർധനവാണ് കരിപ്പൂരിൽനിന്നുള്ള യാത്രക്കാരുടെ മേൽ ചുമത്തുന്നത്. ഇത് വിമാന കമ്പനിയായ എയർ ഇന്ത്യ യഥേഷ്ടം നിശ്ചയിച്ച സംഖ്യയാണെന്നും ഈ തീരുമാനം റദ്ദാക്കി റീടെൻഡറിങ് നടത്തിയോ ഇതര വിമാന കമ്പനികളെ ഏർപ്പെടുത്തിയോ ടിക്കറ്റ് ചാർജ് നിർണയിക്കണമെന്നും എം.പിമാർ ആവശ്യപ്പെട്ടു.

# അഴിമതിരഹിത രാജ്യമെന്ന മോദിയുടെ അവകാശവാദം നിലംപൊത്തി: കെ. സുധാകരൻ എം. പി

തിരുവനന്തപുരം: അഴിമതി സൂചികയിൽ ഇന്ത്യ 93 ാം സ്ഥാനത്താണെന്ന ട്രാൻസ്പരൻസി ഇന്റർനാഷണലിന്റെ റിപ്പോർട്ട് അഴിമതിരഹിത രാജ്യമായി ഇന്ത്യ മാറിയെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അവകാശവാദത്തിനേറ്റ കനത്ത തിരിച്ചടിയാണെന്ന് കെ. പി. സി. സി പ്രസിഡന്റ് കെ. സുധാകരൻ എം. പി. 180 രാജ്യങ്ങളിൽ 93ാം സ്ഥാനം എന്നതാണ് മോദി ഭരണത്തിന്റെ നാണംകെട്ട നേട്ടം. അദാനി, അംബാനി തുടങ്ങിയ വ്യവസായ ഭീമന്മാർക്ക് വാരിക്കോരി നൽകിയ ആനുകൂല്യങ്ങളും വഴിവിട്ട ഇടപാടുകളുമാണ് രാജ്യത്തെ പരിതാപകരായ ഈ അവസ്ഥയിൽ എത്തിച്ചത്. ഭാരത് മാല റോഡ് നിർമ്മാണ പദ്ധതി, ദ്വാരക എക്സ്പ്രസ് ഹൈവേ പദ്ധതി, ആയുഷ്മാൻ ഭാരത് തുടങ്ങിയ നിരവധി കേന്ദ്രസർക്കാർ പദ്ധതികളിലെ ശതകോടികളുടെ അഴിമതികളാണ് സി. എ. ജി റിപ്പോർട്ടുകളിൽ ഇടംപിടിച്ചത്. ഈ ഉദ്യോഗസ്ഥരെയെല്ലാം ഉടനടി സ്ഥലം മാറ്റുകയും ചെയ്തു. ദ്വാരക എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണ കരാർ കിലോമീറ്ററിന് 18.2 കോടിയായിരുന്നത് 250 കോടിയായി കുത്തനെ ഉയർത്തി. 14 മടങ്ങ് വർദ്ധന. മൊത്തം 528 കോടി രൂപ എസ്റ്റിമേറ്റ് ചെയ്ത പദ്ധതിയുടെ ചെലവ് 7287 കോടിയായതാണ് മോദി മാജിക്ക്. 75,000 കി. മീ ദൈർഘ്യമുള്ള ഭാരത്മാല പദ്ധതിയുടെ നിർമാണ കരാർ കി. മീ 15 കോടിയായിരുന്നത് 25 കോടിയുമാക്കി. ഈ പദ്ധതിയിൽ മാത്രം 7.5 ലക്ഷം കോടി രൂപയുടെ അഴിമതി നടന്നെന്നാണ് മാദ്ധ്യമ വാർത്തകൾ. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ദേശീയപാതാ അതോറിറ്റിക്ക് കീഴിലെ ടോൾ പ്ലാസകളിൽ നിയമം ലംഘിച്ച് യാത്രക്കാരിൽനിന്നും 132 കോടി രൂപ പിരിച്ചെടുത്തും, വ്യോമമന്ത്രാലയം ഉഡാൻ പദ്ധതിവഴി അനുവദിച്ച റൂട്ടുകൾ തുടങ്ങാതെ മറ്റ് സ്വകാര്യ എയർലൈൻസ് കമ്പനികൾക്ക് നേട്ടമുണ്ടാക്കിയതും ഉൾപ്പെടെ നിരവധി കുംഭകോണങ്ങളുടെ ഘോഷയാത്രതന്നെയുണ്ട്.

കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിൽ ഗുരുതര വീഴ്ച കണ്ടെത്തിയ 37 സി. എ. ജിമാരെയാണ് ഒറ്റയടിക്ക് മാറ്റിയത്. ദ്വാരക അതിവേഗ പാതയുടെ നിർമ്മാണ ചെലവ് 14 മടങ്ങ് വർദ്ധിപ്പിച്ചെന്ന് കണ്ടെത്തിയ പ്രിൻസിപ്പൽ ഡയറക്ടർ ഓഫ് ഓഡിറ്റ് അതുർവയെ കേരളത്തിലേക്കാണ് തട്ടിയത്. സുപ്രധാന ആരോഗ്യ പദ്ധതിയായ ആയുഷ്മാൻ ഭാരതിന്റെ നടത്തിപ്പിൽ അഴിമതി കണ്ടെത്തിയ നോർത്ത് സെൻട്രൽ മേഖലാ ഡയറക്ടർ ജനറൽ അശോക് സിംഹ, ഡി. എസ്. ഷിർസാദ് എന്നിവരെ ഒതുക്കി മൂലയ്ക്കിരുത്തി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും ആഭ്യന്തര മന്ത്രി അമിത്ഷായുടെയും വിശ്വസ്തൻ ജി. സി. മുർമുവാണ് നിലവിൽ സി. ഐ. ജി. മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയും കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ കാലത്ത് അവിടെ ലഫ് ഗവർണറുമായിരുന്നു അദ്ദേഹം. രാജ്യത്ത് ഏറ്റവും കൂടുതൽ അഴിമതി നടന്ന ഒരു കാലഘട്ടത്തെ മതത്തിന്റെയും ജാതിയുടെയും മറവിൽ തമസ്കരിക്കാനുള്ള പ്രവർത്തനങ്ങളെ തുറന്നുകാട്ടുക തന്നെചെയ്യുമെന്ന് കെ. സുധാകരൻ അറിയിച്ചു.




*അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ആൻറ് എംപ്ലോയീസ് കോൺഗ്രസ് സംസ്ഥാന അധ്യക്ഷനായി റിജിൽ മാക്കുറ്റി ചുമതലയേൽക്കുന്ന യോഗം കെ. പി. സി. സി അധ്യക്ഷൻ കെ. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു. മുൻ അധ്യക്ഷൻ സവിൻ സത്യൻ, അനിൽ ബോസ്, രമേശ് ചെന്നിത്തല, പി. സി. വിഷ്ണുനാഥ്, റ്റി. യു. രാധാകൃഷ്ണൻ എന്നിവർ സമീപം.*

# റിജിൽ മാക്കുറ്റി ചുമതലയേറ്റു

അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ആന്റ് എംപ്ലോയീസ് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റായി റിജിൽ മാക്കുറ്റി ചുമതലയേറ്റെടുത്തു. സ്ഥാനം ഒഴിഞ്ഞ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ആന്റ് എംപ്ലോയീസ് കോൺഗ്രസിന്റെ പ്രസിഡന്റ് സവിൻ സത്യൻ അധ്യക്ഷത വഹിച്ചു. കെപിസിസി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി, കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല, കെപിസിസി ജനറൽ സെക്രട്ടറിമാരായ ടി. യു. രാധാകൃഷ്ണൻ, കെ. ജയന്ത്. ജി. സുബോധൻ, എംഎം നസീർ, പി എം നിയാസ്, എഐസിസി സെക്രട്ടറിമാരായ പിസി വിഷ്ണുനാഥ്, റോജി എം ജോൺ, എംഎൽഎമാരായ എപി അനിൽകുമാർ, സണ്ണിജോസഫ്, മാത്യു കുഴൽനാടൻ, അൻവർ സാദത്ത്, സജീവ് ജോസഫ്, അഖിലേന്ത്യാ അസംഘടിത തൊഴിലാളി കോൺഗ്രസ് ദേശീയ ജനറൽസെക്രട്ടറി അനിൽ ബോസ്, ഐ. എൻ. റ്റി. യു. സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽമാങ്കൂട്ടത്തിൽ, കെ എസ് യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ എന്നിവർ പങ്കെടുത്തു.

അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ആന്റ് എംപ്ലോയീസ് കോൺഗ്രസ് തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എൻ. എസ് നുസൂർ സ്വാഗതം പറഞ്ഞു.

# മുഖ്യമന്ത്രിക്കൊപ്പമുള്ളവർ നിയമം അനുസരിക്കുന്നില്ല; ഇതു സ്റ്റാലിൻെറ റഷ്യയല്ല, ജനാധിപത്യ കേരളമാണ്: സതീശൻ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ കൂടെ നടക്കുന്നവർ ഈ നാട്ടിലെ നിയമം അനുസരിക്കുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. മുഖ്യമന്ത്രിയുടെ ഇടവുംവലവും നില്ക്കുന്ന ഗൺമാൻമാർ പോലീസ് സ്റ്റേഷനിൽ നിന്ന് വിളിച്ചിട്ട് പോകുന്നില്ല. പിന്നെ ഈ നാട്ടിൽ ആര് പോലീസ് സ്റ്റേഷനിൽ പോകുമെന്നും ആരു നിയമം അനുസരിക്കുമെന്നും അദ്ദേഹം ചോദിച്ചു. നിയമസഭയിൽ നന്ദി പ്രമേയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു വിഡി സതീശൻ.

ജീവൻ രക്ഷാപ്രവർത്തനം എന്ന വാക്ക് ഉപയോഗിച്ചതോടെ മുഖ്യമന്ത്രി വല്ലാതെ ചെറുതായി. പ്രതിഷേധക്കാരെ തല്ലിയതിനെ മുഖ്യമന്ത്രി ന്യായീകരിച്ചു. ഗൺമാന് തല്ലാൻ ആരാണ് അധികാരം നൽകിയത്? ഇത് സ്റ്റാലിൻറെ റഷ്യയല്ല, ഇത് ജനാധിപത്യ കേരളമാണെന്നും വി. ഡി. സതീശൻ പറഞ്ഞു.

ഭരണത്തെ അനാഥമാക്കിയാണ് നവകേരള സദസ് സംഘടിപ്പിച്ചത്. സർക്കാറിൻറെ ചെലവിൽ പോയിട്ടല്ല പ്രതിപക്ഷത്തെ വിമർശിക്കേണ്ടത്. ആളുകളെ വിരട്ടിയാണ് നിങ്ങൾ സദസിൽ എത്തിച്ചത്. നവകേരള സദസിൽ പങ്കെടുത്ത 70 ശതമാനം പേരും തങ്ങൾക്ക് വോട്ട് ചെയ്യുമെന്നും പ്രതിപക്ഷനേതാവ് കൂട്ടിച്ചേർത്തു.

ആദായ നികുതി ഇൻററിം സെറ്റിൽമെൻറ് ബോർഡ് ഉത്തരവ് വന്നപ്പോൾ വീണയെ കേട്ടില്ല എന്ന് മുഖ്യമന്ത്രി പറഞ്ഞു. അവസരം കൊടുത്തിട്ടും വീണയുടെ കമ്പനിക്ക് മറുപടി പറയാനായില്ലെന്നാണ് ആർഒസിയുടെ കണ്ടെത്തൽ. ഇക്കാര്യത്തിൽ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും നിയമപരമല്ലാത്ത ഇടപാടുകൾ ആണ് നടന്നതെന്നും വി. ഡി. സതീശൻ ആരോപിച്ചു.

ഒരു ഉള്ളടക്കവും ഇല്ലാത്ത നയപ്രഖ്യാപനം ആണ് അവതരിപ്പിച്ചതെന്നും വി. ഡി. സതീശൻ പറഞ്ഞു. അത്രയും ലാഘവത്തോടെയാണ് സർക്കാർ നയപ്രഖ്യാപനം തയാറാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഡൽഹിയിലേത് സമരം തന്നെ, വിഷയത്തിൽ യുഡിഎഫ് നിലപാട് തിരുത്തണം: മുഖ്യമന്ത്രി

തിരുവനന്തപുരം: കേന്ദ്രത്തിനെതിരെ സംസാരിക്കുമ്പോൾ മുട്ടു വിറക്കില്ല എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഡൽഹിയിൽ നടത്താൻ തീരുമാനിച്ചത് സമരം തന്നെയാണ്. അത് സമ്മേളനമായി ചിത്രീകരിക്കാൻ ശ്രമിക്കുകയാണ് എന്നും മുഖ്യമന്ത്രി വിമർശിച്ചു.

പരിപാടിയിലേയ്ക്ക് ദേശീയ നേതാക്കളെ ക്ഷണിച്ചതിനെ മാധ്യമങ്ങൾ തെറ്റായി വ്യാഖ്യാനിച്ചു. വിഷയം ആദ്യമായി ചർച്ച ചെയ്തത് യുഡിഎഫുമായിട്ടാണ്. ഡൽഹി സമരത്തിൽ നിന്നുള്ള പിന്മാറ്റത്തിൽ യുഡിഎഫ് പുനരാലോചന നടത്തണം. ഒരുമിച്ച് സമരം നടത്തിയാൽ എന്താണ് കുഴപ്പം. സാമ്പത്തിക സ്ഥിതിയിൽ കേന്ദ്രം പറയുന്ന വാദം പ്രതിപക്ഷം ആവർത്തിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

പ്രതിപക്ഷം എല്ലാ കാര്യത്തിനും സർക്കാരിനെ പിന്തുണയ്ക്കേണ്ട. വിമർശിക്കാനും തെറ്റുകൾ ചൂണ്ടിക്കാട്ടാനുമുള്ള അവകാശമുണ്ട്. എന്നാൽ വാലും തലയുമില്ലാത്ത ആരോപണങ്ങളുമായി അസത്യങ്ങളുടെ ഘോഷയാത്ര നടത്തുന്നത് അത് ആരെ തൃപ്തിപ്പെടുത്താൻ ഉള്ളതാണ് എന്നും മുഖ്യമന്ത്രി ചോദിച്ചു.

# ഡിമെൻഷ്യ സൗഹൃദ കേരളം: 'ഓർമ്മത്തോണി' പദ്ധതിയുമായി സാമൂഹിക നീതി വകുപ്പ്

***സംസ്ഥാന തല ഉദ്ഘാടനം ഫെബ്രുവരി 15ന് തിരുവനന്തപുരത്ത്**

ഡിമെൻഷ്യ/അൽഷിമേഴ്സ് ബാധിതരായ വയോജനങ്ങൾക്കായി 'ഓർമ്മത്തോണി' പദ്ധതിയുമായി സാമൂഹിക നീതി വകുപ്പ്. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ഫെബ്രുവരി 15ന് തിരുവനന്തപുരം വഴുതക്കാട് വിമൻസ് കോളേജിൽ നടക്കുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരള സാമൂഹ്യസുരക്ഷാ മിഷൻ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന നൂതന പദ്ധതിയാണ് ഓർമ്മത്തോണി. ഡിമെൻഷ്യ സൗഹൃദ കേരളം സാക്ഷാത്കരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

ഇതിന്റെ ഭാഗമായി ഫെബ്രുവരി രണ്ടു മുതൽ 'വയോമിത്രം' പദ്ധതിയ്ക്ക് കീഴിലെ ഡോക്ടർമാർ, ജീവനക്കാർ, നഗര തദ്ദേശ സ്ഥാപനങ്ങളിലെ ആശാ വർക്കർമാർ എന്നിവർക്ക് ഡിമെൻഷ്യ സംബന്ധിച്ച് പരിശീലനം നൽകും. ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ സർവകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ ഉൾപ്പെട്ട സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പാണ് പരിശീലനങ്ങൾ നൽകുക. ഫെബ്രുവരി 15നു ശേഷം ആശാപ്രവർത്തകർക്കുള്ള പരിശീലനം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

പരിശീലനഭാഗമായി ഡിമെൻഷ്യ ബാധിതർക്കും കെയർടേക്കർമാർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകർക്കും ഡിമെൻഷ്യ പരിചരണത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഉൾപ്പെടുത്തിയ സാമഗ്രികൾ തയ്യാറാക്കി നൽകും. ഡിമെൻഷ്യ സംബന്ധിച്ച അവബോധത്തിനും പരിശീലനത്തിനും സഹായകമായ പ്രചരണ ഉപാധികളും ഇതിനൊപ്പം തയ്യാറാക്കും.ഡിമെൻഷ്യയെ ആരോഗ്യപ്രശ്നം എന്നതിനൊപ്പം സാമൂഹ്യപ്രശ്നമായി കണ്ടുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കാനാണ് 'ഓർമ്മത്തോണി' ('ഡിമെൻഷ്യ സൗഹൃദ കേരളം') പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് ഈ വർഷം തുടക്കം കുറിക്കുന്നത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഓർമ്മത്തോണി പദ്ധതിയുടെ നിർവ്വഹണം കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുക്കുന്നത്. ഈ സാമ്പത്തിക വർഷം 'ഓർമ്മത്തോണി'യുടെ പ്രവർത്തനങ്ങൾക്കായി 92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ 91 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്ക്രീനിങ്, ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, ആവശ്യമുള്ളവർക്ക് മരുന്ന് ലഭ്യമാക്കൽ തുടങ്ങിയ പരിപാടികളാണ് ഈ വർഷം തുടങ്ങുക. 2024 ഏപ്രിലോടെ സംസ്ഥാനമാകെ പദ്ധതി പ്രവർത്തനം ആരംഭിക്കും. ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേകെയർ സെന്റർ തുടങ്ങുന്നതിനുള്ള താല്പര്യം പ്രകടിപ്പിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനും തൃശൂർ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിനും ഇതിനായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകും. തിരുവനന്തപുരം ജില്ലയിലെ വയോമിത്രം പ്രോജക്ടുകളിൽ എത്തുന്ന വയോജനങ്ങളുടെ ഡിമെൻഷ്യ സ്ക്രീനിംഗും പദ്ധതിയുടെ ഉദ്ഘാടനദിവസം നടക്കുമെന്നും മന്ത്രി അറിയിച്ചു.

# മാരാമൺ കൺവെൻഷൻ ഫെബ്രുവരി 11 മുതൽ 18 വരെ

തിരുവനന്തപുരം: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മാരാമൺ കൺവെൻഷന്റെ 129ാമത് മഹായോഗം ഫെബ്രുവരി 11 മുതൽ 18 വരെ മാരാമൺ മണൽപ്പുറത്ത് നടക്കും. 11ന് 2.30 ന് മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. സുവിശേഷ പ്രസംഗസംഘം പ്രസിഡന്റ് ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ് കോപ്പാ അധ്യക്ഷനാകും.

മാർത്തോമ്മാ സഭയിലെ ബിഷപ്പുമാരെക്കൂടാതെ പ്രൊഫ. ഡോ. ക്ലിയോഫസ് ജെ ലാറു ,പ്രൊഫ. മാകെ ജെ മസാങ്കോ (സൗത്ത് ആഫ്രിക്ക), ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പൊലീത്താ, ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, സിസ്റ്റർ ജോവാൻ ചുങ്കപ്പുര എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. വാർത്താസമ്മേളനത്തിൽ സംഘാടക സമിതി ജനറൽ കൺവീനർ റവ. എബി കെ ജോഷ്വ, ട്രഷറർ ഡോ. എബി തോമസ് വാരിക്കാട്, മീഡിയ കൺവീനർ അഡ്വ. ജേക്കബ് ജോൺ, ടിജു എം ജോർജ് എന്നിവർ പങ്കെടുത്തു.

# സൗജന്യ കെമാറ്റ് പരിശീലനം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) 2024 മാർച്ചിൽ നടക്കുന്ന കെമാറ്റ് പരീക്ഷയ്ക്ക് മുന്നോടിയായി സൗജന്യ കെമാറ്റ് പരിശീലനം സംഘടിപ്പിക്കുന്നു.

202426 എം.ബി.എ. ബാച്ചിലേക്ക് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായാണ് ഓൺലൈൻ ക്ലാസ്സ്, സൗജന്യ ട്രയൽ ടെസ്റ്റ്, ഉത്തരസൂചിക വിശകലനം, റിക്കോർഡഡ് വീഡിയോ ക്ലാസ്സ്, സ്റ്റഡി മെറ്റീരിയൽസ് എന്നിവ ചേർന്നതാണ് പരിശീലന പരിപാടി. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 വിദ്യാർത്ഥികൾക്കാണ് അവസരം. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് http://bit.ly/kicma, കൂടുതൽ വിവരങ്ങൾക്ക്: 8548618290 / 9188001600

# കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 16 മുതൽ എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങാം. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5 രൂപയ്ക്കും ലഭിക്കും. വിശദ വിവരങ്ങൾക്ക്: 04712730804.

# ടെലിവിഷൻ സാങ്കേതിക പ്രവർത്തകർക്ക് സേവന വേതന കരാർ

തിരുവനന്തപുരം: മലയാളം ടെലിവിഷൻ മേഖലയിലെ സാങ്കേതിക പ്രവർത്തകർക്ക് പുതിയ സേവനവേതന കരാർ നിലവിൽ വന്നതായി ഫെഫ്ക ജനറൽ സെക്രട്ടറി ബി ഉണ്ണികൃഷ്ണനും മലയാളം ടെലിവിഷൻ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഷംനാദ് ഫസലുദീനും വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ ആറുമുതൽ രാത്രി 9.30 വരെയാണ് ജോലി സമയം. മൂന്നുവർഷമാണ് കരാറിന്റെ കാലാവധിയെന്നും ഇരുവരും പറഞ്ഞു. മലയാളം ടെലിവിഷൻ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീമൂവീസ് ഉണ്ണിത്താൻ, ഫെഫ്ക എംഡിടിവി പ്രസിഡന്റ് സുരേഷ് ഉണ്ണിത്താൻ, വർക്കിങ് പ്രസിഡന്റ് സെക്രട്ടറി സച്ചിൻ കെ ഐബക്, ചെയർമാൻ ജി എസ് വിജയൻ തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# കരാർ നിയമനം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ഹെപ്പറ്റോബിലിറ്ററി സർജൻ, പ്ലാസ്റ്റിക് സർജൻ തസ്തികകളിൽ താത്കാലിക ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 13. വിശദവിവരങ്ങൾക്ക്: www.r-c-c-tvm.gov.in



*മുൻഗണനാ റേഷൻ കാർഡ് വിതരണം*

# 'അപൂർവങ്ങളിൽ അപൂർവം': മൂക്കന്നൂർ കൂട്ടക്കൊലക്കേസിൽ പ്രതി ബാബുവിന് വധശിക്ഷ

കൊച്ചി: അങ്കമാലി മൂക്കന്നൂർ കൂട്ടക്കൊലക്കേസിൽ പ്രതി ബാബുവിന് വധശിക്ഷ. സഹോദരപുത്രിയായ സ്മിതയെ കൊലപ്പെടുത്തിയ കേസിലാണ് വധശിക്ഷ വിധിച്ചത്. കേസ് അപൂർവങ്ങളിൽ അപൂർവമാണെന്ന് നിരീക്ഷിച്ച കോടതി മറ്റ് രണ്ട് കൊലപാതകങ്ങളിൽ ഇരട്ട ജീവപര്യന്തം തടവിനും വിധിച്ചു. വിവിധ വകുപ്പുകളിലായി 4.1 ലക്ഷം രൂപ പിഴയുമടയ്ക്കണം.

കൊച്ചിയിലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം പരിഗണിക്കുന്ന എറണാകുളം ജില്ലാ സ്പെഷൽ കോടതി ജഡ്ജി സോമനാണ് കേസിൽ വിധി പ്രസ്താവിച്ചത്. ബാബു കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

2018 ഫെബ്രുവരി 11നാണ് അങ്കമാലിക്കടുത്ത് മൂക്കന്നൂർ എരപ്പിൽ കൂട്ടക്കൊലപാതകം നടക്കുന്നത്. സ്വത്തു തർക്കത്തെ തുടർന്ന് മൂത്ത സഹോദരൻ അറക്കൽ വീട്ടിൽ ശിവൻ (62), ശിവൻറെ ഭാര്യ വത്സല (58), ഇവരുടെ മൂത്തമകൾ എടലക്കാട് കുന്നപ്പിള്ളി വീട്ടിൽ സുരേഷിൻറെ ഭാര്യ സ്മിത (30) എന്നിവരെയാണ് ബാബു വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തിയത്.

അമ്മയെ ആക്രമിക്കുന്നത് തടയാൻ ശ്രമിച്ച സ്മിതയുടെ ഇരട്ടക്കുട്ടികളായ അശ്വിൻ, അപർണ എന്നിവർക്കും വെട്ടേറ്റിരുന്നു. കൃത്യം നടത്തിയതിന് പിന്നാലെ കൊരട്ടിയിലെ ക്ഷേത്രക്കുളത്തിൽ സ്കൂട്ടറുമായി ചാടി ജീവനൊടുക്കാൻ ശ്രമിച്ച ബാബുവിനെ പ്രദേശവാസികളും പോലീസും ചേർന്ന് പിടികൂടുകയായിരുന്നു.

മൂന്നുപേരിൽ സ്മിതയെയാണ് ഏറ്റവും ക്രൂരമായി കൊലപ്പെടുത്തിയത്. 35ഓളം വെട്ടുകളാണ് സ്മിതയുടെ ശരീരത്തിലുണ്ടായിരുന്നത്. കൊലപാതക രീതി കണക്കിലെടുത്താണ് ബാബുവിന് വധശിക്ഷ വിധിച്ചത്.

## എൻജിൻ തകരാർ മൂലം കടലിൽ അകപ്പെട്ട മത്സ്യതൊഴിലാളികളെ രക്ഷിച്ചു

തൃശൂർ: മത്സ്യബന്ധനത്തിന് പോയി എൻജിൻ നിലച്ച് കടലിൽ കുടുങ്ങിയ ബോട്ടും അഞ്ച് മത്സ്യത്തൊഴിലാളികളെയും കരയിലെത്തിച്ചു. ഫിഷറീസ് റെസ്ക്യൂ ടീമിൻറെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ചൊവ്വാഴ്ചയായിരുന്നു സംഭവം. കടലിൽ ആറ് നോട്ടിക്കൽ മൈൽ അകലെയാണ് ബോട്ട് കുടുങ്ങിയത്. മുനക്കക്കടവ് വടക്ക് പടിഞ്ഞാറ് ഭാഗത്ത് മലപ്പുറം സ്വദേശി സലാമിൻറെ ഉടമസ്ഥയിലുള്ള ബോട്ടാണ് കടലിൽ കുടുങ്ങിയത്.

തുടർന്ന് കടലിൽ കാണാതായ ആൾക്ക് വേണ്ടിയുള്ള തിരച്ചിൽ നടത്തിക്കൊണ്ടിരുന്ന റെസ്ക്യൂ ബോട്ട് സ്ഥലത്തെത്തി ബോട്ടും അഞ്ച് തൊഴിലാളികളെയും കരയിലെത്തിക്കുകയായിരുന്നു.

## അതിജീവിതയെ പീഡനത്തിനിരയാക്കിയ കേസ്: അഡ്വ. പി. ജി. മനു കീഴടങ്ങി

കൊച്ചി: നിയമസഹായം തേടിയെത്തിയ യുവതിയെ പീഡിപ്പിച്ചെന്ന കേസിൽ ഹൈക്കോടതിയിലെ മുൻ ഗവ. പ്ലീഡർ അഡ്വ. പി. ജി. മനു കീഴടങ്ങി. എറണാകുളം പുത്തൻകുരിശ് പോലീസ് മുമ്പാകെയാണ് രാവിലെ എട്ടിന് ഇയാൾ കീഴടങ്ങിയത്.

നേരത്തെ, മനുവിൻറെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതിയും സുപ്രീംകോടതിയും തള്ളിയിരുന്നു. കഴിഞ്ഞ ഒക്ടോബറിൽ നിയമസഹായം തേടി എത്തിയ അതിജീവിതയെ ഇയാൾ പലവട്ടം പീഡനത്തിനിരയാക്കിയെന്നാണ് കേസ്.

എറണാകുളം സ്വദേശിയായ 25കാരിയാണ് ഇയാൾക്കെതിരേ ചോറ്റാനിക്കര പോലീസിൽ പരാതി നൽകിയത്. യുവതിയുടെ സ്വകാര്യ ദൃശ്യങ്ങൾ മൊബൈലിൽ ചിത്രീകരിച്ചതായും പരാതിയിൽ പറയുന്നു.

എന്നാൽ തൊഴിൽമേഖലയിലെ ശത്രുക്കൾ തനിക്കെതിരേ കെട്ടിച്ചമച്ച കേസാണിതെന്നും കസ്റ്റഡിയിൽ ചോദ്യംചെയ്യേണ്ടതില്ലെന്നുമായിരുന്നു കോടതിയിൽ ഹർജിക്കാരൻറെ വാദം.

## കഞ്ചാവ് തേടി ഇറങ്ങി; പോലീസ് കാടിനുള്ളിൽ അകപ്പെട്ടു

പാലക്കാട്: കഞ്ചാവ് തോട്ടം അന്വേഷിച്ച് പോയ പോലീസ് സംഘം വഴിതെറ്റി വനത്തിനുള്ളിൽ അകപ്പെട്ടു. പാലക്കാട് അഗളി ഡിവൈഎസ്പി അടക്കമുള്ള സംഘമാണ് വഴിതെറ്റി കാട്ടിൽ അകപ്പെട്ടത്.

തിങ്കളാഴ്ച രാത്രിയോടെയാണ് സംഭവം. കഞ്ചാവ് തോട്ടം തെരയുന്നതിനായാണ് പോലീസ് സംഘം വനത്തിലെത്തിയത്. ഇതിനിടയിൽ വഴി തെറ്റി കാട്ടിൽ അകപ്പെടുകയായിരുന്നെന്ന് റിപ്പോർട്ട്.

അതേസമയം, വനംവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സംഘത്തോടൊപ്പമുണ്ട്. പോലീസ് സംഘം സുരക്ഷിതരാണ് നാളെ മടങ്ങിയെത്തുമെന്നും അധികൃതർ വ്യക്തമാക്കി.

## മൃഗങ്ങളോ ട് ക്രൂരത പാടില്ല: മന്ത്രി ജെ. ചിഞ്ചുറാണി

കൊല്ലം :മൃഗങ്ങളോട് ഒരുതരത്തിലുമുള്ള ക്രൂരത പാടില്ലെന്ന് മന്ത്രി ജെ .ചിഞ്ചുറാണി. രാമവർമ ക്ലബിൽ ജന്തുക്ഷേമ ദ്വൈവാരാചരണ സംസ്ഥാനതല സെമിനാറും സമാപന സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അരുമ മൃഗങ്ങളെ ആക്രമിക്കുന്നവർക്കെതിരെ മൃഗസംരക്ഷണ വകുപ്പിൻറെ സഹായത്തോടെ ജന്തുക്ഷേമ പ്രവർത്തങ്ങൾ നടപ്പിലാക്കും. വെറ്ററിനറി ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യങ്ങളാണ് ജന്തുക്കൾക്ക് സർക്കാർ നൽകി വരുന്നത്.

പറവകൾക്ക് ജലം നൽകുന്നതിനുള്ള മൺപാത്രം പ്രതീകാത്മകയായി ചീഫ് വെറ്ററിനറി ഓഫീസർ ഡോ .ഡി .ഷൈൻകുമാറിന് മന്ത്രി കൈമാറി. തുടർന്ന് ചിത്രരചന, ക്വിസ്, ഉപന്യാസം, പ്രസംഗം എന്നീ മത്സരങ്ങളിൽ വിജയിച്ച വിദ്യാർഥികൾക്ക് പുരസ്കാരങ്ങൾ നൽകി.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ് പി .കെ .ഗോപൻ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീജ ഹരീഷ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ എസ്. അനിൽകുമാർ, പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ റെയ്നി ജോസഫ്, മൃഗക്ഷേമ ബോർഡ് അംഗം മരിയ ജേക്കബ്, പി .എസ്. ശ്രീകുമാർ, അജിത് ബാബു, ആർ. വേണുഗോപാൽ, കെ. ജി .പ്രദീപ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## മകൾ ബിസിനസ് തുടങ്ങിയത് ഭാര്യയുടെ പെൻഷൻ തുക ഉപയോഗിച്ച് : മുഖ്യമന്ത്രി

തിരുവനന്തപുരം: മകൾ വീണയുടെ കമ്പനിക്കെതിരായ ആരോപണത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഭാര്യയുടെ പെൻഷൻ തുക ഉപയോഗിച്ചാണ് മകൾ ബിസിനസ് തുടങ്ങിയത് എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ മകൾക്കെതിരെ രജിസ്ട്രാർ ഓഫ് കമ്പനീസ് നടത്തുന്ന അന്വേഷണത്തോട് മുഖ്യമന്ത്രി പ്രതികരിച്ചില്ല.

ആരോപണങ്ങൾ വ്യാജമാണ്. തനിക്കും കുടുംബത്തിനുമെതിരെ ഉയരുന്ന തുടർ ആരോപണങ്ങളുടെ ഭാഗം മാത്രമാണ് ഈ വ്യാജ ആരോപണങ്ങൾ. ഇതെല്ലാം ജനം സ്വീകരിക്കുമോ എന്ന് കാണണം എന്നും മുഖ്യമന്ത്രി പറഞ്ഞു.

മുൻപ് ഭാര്യയെ കുറിച്ചായിരുന്നു ആരോപണങ്ങൾ. ഇപ്പോൾ അത് മകൾക്കെതിരെ ആയി. കൊട്ടാരം പോലുള്ള വീട് ഒക്കെ ഇപ്പോൾ കേൾക്കാൻ പോലും ഇല്ല. ബിരിയാണി ചെമ്പ് വിവാദവും തന്നെ ബാധിച്ചിട്ടില്ല എന്നും അദ്ദേഹം വ്യക്തമാക്കി.

## 28 ലക്ഷം രൂപ തിരികെ ലഭിച്ചു: കരുവന്നൂർ ബാങ്കിനു മുന്നിലെ സമരം ജോഷി അവസാനിപ്പിച്ചു

തൃശൂർ: സ്ഥിരനിക്ഷേപം തിരികെ നൽകണമെന്നാവശ്യപ്പെട്ട് കരുവന്നൂർ സഹകരണ ബാങ്കിന് മുന്നിൽ സമരം ചെയ്ത ജോഷിക്ക് 28 ലക്ഷം രൂപയുടെ ചെക്ക് നൽകി. കുടുംബാംഗങ്ങളുടെ പേരിലുള്ള ബാക്കി തുകയ്ക്ക് മൂന്ന് മാസത്തിനുള്ളിൽ ഒരു തീയതി നിശ്ചയിച്ച് നാളെ തന്നെ ചെക്ക് നൽകുമെന്ന് ബാങ്കിൻറെ നിലവിലെ ഭരണസമിതി അറിയിച്ചു.

ഇതിനുപിന്നാലെ ജോഷി ബാങ്കിനു മുന്നിൽ നടത്തിയ കുത്തിയിരിപ്പ് സമരം അവസാനിപ്പിക്കുകയായിരുന്നു. മൂന്നര മണിക്കൂറോളം ജോഷിയുമായി ബാങ്കിൻറെ സിഇഒ രാജേഷും മാനേജർ വിജയാനന്ദും ചർച്ച നടത്തി ഇതിനൊടുവിലാണ് തുകയുടെ കാര്യത്തിൽ തീരുമാനമായത്.

തനിക്കു ചികിത്സയ്ക്ക് പണമില്ലെന്നും ദയാവധം അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ജോഷി ഹൈക്കോടതിയിക്ക് കത്തെഴുതിയിരുന്നു. നിക്ഷേപം തിരിച്ചു കൊടുക്കാമെന്ന സർക്കാർ ഉറപ്പ് ലംഘിക്കപ്പെട്ടെന്ന് ആരോപിച്ചാണ് ജോഷി സമരത്തിനെത്തിയത്.

## ഛർദിക്കു പിന്നാലെ കുഴഞ്ഞുവീണു; വടകരയിൽ രണ്ടുവയസുകാരി മരിച്ചു

കോഴിക്കോട്: വടകരയിൽ രണ്ടുവയസുകാരി കുഴഞ്ഞുവീണു മരിച്ചു. കുറുമ്പയിൽ കുഞ്ഞാംകുഴി പ്രകാശൻലിജി ദമ്പതികളുടെ മകൾ ഇവ ആണ് മരിച്ചത്.

ചൊവ്വാഴ്ച രാത്രിയാണ് സംഭവം. ഛർദിച്ചതിനു പിന്നാലെ കുഞ്ഞ് കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻതന്നെ വടകര ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കുഞ്ഞിന് മറ്റു ആരോഗ്യപ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നാണ് ബന്ധുക്കൾ പറയുന്നത്. പോസ്റ്റ്മോർട്ടത്തിനായി മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റി.

## തൃശൂരിൽ സെപ്റ്റിക് ടാങ്കിൽ വീണ ആനക്കുട്ടിയെ കരകയറ്റി

തൃശൂർ: സെപ്റ്റിക് ടാങ്കിൽ വീണ ആനക്കുട്ടിയെ ഏറെ നേരത്തെ ശ്രമങ്ങൾക്കൊടുവിൽ പുറത്തെത്തിച്ചു. ആതിരപ്പിള്ളി പ്ലാൻറേഷൻ കോർപ്പറേഷൻ ഒമ്പതാം ബ്ലോക്കിലാണ് സംഭവം. കാട്ടാനക്കൂട്ടത്തോടൊപ്പം പോകുന്നതിനിടയിൽ പ്ലാൻറേഷൻ കോർപറേഷൻറെ ഉപയോഗശൂന്യമായ സെപ്റ്റിക് ടാങ്കിൻറെ സ്ലാബ് തകർന്ന് ആനക്കുട്ടി കുഴിയിൽ വീഴുകയായിരുന്നു.

വിവരമറിഞ്ഞ് വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. ടാങ്കിനു സമീപത്തായി കാട്ടാനക്കൂട്ടവും നിലയുറപ്പിച്ചിരുന്നു. തുടർന്ന് ആർആർടി സംഘത്തിൻറെ സഹായത്തോടെ രക്ഷാപ്രവർത്തനം ആരംഭിച്ചു.

കാട്ടാനക്കൂട്ടത്തെ സമീപത്തുനിന്നും മാറ്റിയശേഷമായിരുന്നു രക്ഷാപ്രവർത്തനം. വൃത്താകൃതിയിലുള്ള വല താഴേക്ക് ഇട്ടശേഷം ആനക്കുട്ടിയെ അതിനുള്ളിലാക്കി പുറത്തേക്ക് എത്തിക്കുകയായിരുന്നു.

വനംവകുപ്പിൻറെ സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റിയ ആനക്കുട്ടിയുടെ ആരോഗ്യനില പരിശോധിച്ച ശേഷം ആനക്കൂട്ടത്തിനൊപ്പം അയയ്ക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കും.




സംസ്ഥാന യുവജന കമ്മിഷൻ 'യുവജന ശാക്തീകരണം - സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സമ്മേളനം മുഖ്യമ[illegible] ഉദ്ഘാടനം ചെയ്യുന്നു.

## ലഹരി ഉപയോഗം തടയാൻ പരിശോധന ശക്തമാക്കും: ജില്ലാ കളക്ടർ

കൊല്ലം :ജില്ലയിലെ മദ്യ മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് എക്സൈസ് പോലീസ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന ശക്തമാക്കുമെന്ന് ജില്ലാ കളക്ടർ എൻ .ദേവിദാസ്.

കളക്ടറുടെ ചേമ്പറിൽ ചേർന്ന ചാരായ നിരോധന ജനകീയ കമ്മിറ്റിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

സ്കൂൾ പരിസരങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, അരിഷ്ടക്കടകൾ എന്നിവിടങ്ങളിലും പരിശോധന നടത്താനും കളക്ടർ നിർദേശിച്ചു.

ക്രിസ്മസ് പുതുവത്സരം പ്രമാണിച്ച് എക്സൈസ് വകുപ്പ് നടത്തിയ പരിശോധയിൽ 115 ലിറ്റർ സ്പിരിറ്റും 269 ലിറ്റർ വിദേശമദ്യവും പിടികൂടി.

18 ലിറ്റർ വ്യാജമദ്യം, 108 ലിറ്റർ അരിഷ്ടം, 340 ലിറ്റർ കോട, 1.6 കിലോ ഗഞ്ചാവ്, 11 ഗ്രാം നൈട്രോസെഫാം ടാബ് എന്നിവ പിടികൂടി.

കൂടാതെ ക്രിസ്തുമസ് വില്പ്പനയ്ക്കായി അനധികൃതമായി വയ്ച്ചിരുന്ന 152 ലിറ്റർ വൈൻ പിടികൂടി.

ജില്ലയിൽ 1531 വാഹനങ്ങളും ചെക്ക് പോസ്റ്റുകളിൽ 2987 പരിശോധനകളും നടത്തി. 43 മയക്കുമരുന്നു കേസുകളിലായി 46 പേരെ അറസ്റ്റു ചെയ്തു. 419 കോട്പ കേസുകൾ എടുത്തു. വിവിധ കേസുകളിലായി 83800 രൂപ പിഴ ഈടാക്കി.

130 പേർക്ക് കൗൺസിലിങ് നടത്തുകയും 431 വിമുക്തി പരിപാടികൾ സംഘടപ്പിക്കുകയും ചെയ്തു. ടോൾ ഫ്രീ നമ്പർ 155358.

യോഗത്തിൽ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി .എ. പ്രദീപ്, പൊലീസ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ, കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ്

മൂവാറ്റുപുഴ: കാർഷിക മേഖലയ്ക്ക് (45 ലക്ഷം) ഊന്നൽ നൽകി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ്. ഭിന്നശേഷി ക്ഷേമത്തിന് 70 ലക്ഷവും വനിതാ ക്ഷേമത്തിന് 28 ലക്ഷവും പാർപ്പിട മേഖലയിൽ 2.66 കോടിയും ആരോഗ്യ മേഖലയിൽ 59 ലക്ഷവും വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയിൽ നെൽകൃഷി വ്യാപകമാക്കുന്നതിനും തരിശ് കുറച്ചുകൊണ്ടുവരുന്നതിനും പദ്ധതി, കാർഷിക മാർക്കറ്റുകളിൽ വിൽക്കുന്ന കാർഷിക വിളകൾക്ക് ഇൻസെൻറീവ് പദ്ധതി, കർഷകർക്ക് പുതിയ കൃഷിരീതികളും സാങ്കേതികവിദ്യകളും ലഭ്യമാക്കുന്നതിന് അഗ്രി ഫെസിലിറ്റേഷൻ സെൻറർ, നാട്ടറിവ് മ്യൂസിയം, ക്ഷീരകർഷകർക്ക് പാലിന് ഇൻസെൻറീവ്, കുളങ്ങളിൽ മീൻ കൃഷി തുടങ്ങി വിവിധ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

36,07,10,322 രൂപ വരവും 36,01,81,372 രൂപ ചെലവും 5,28,950 മിച്ചവുമുള്ള ബജറ്റാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാധാകൃഷ്ണൻ അവതരിപ്പിച്ചത്. വൈസ് പ്രസിഡൻറ് ജോസി ജോളി അവധിയിലായതിനാലാണ് പ്രസിഡൻറ് ബജറ്റ് അവതരിപ്പിച്ചത്.

വനിതാ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകിയിട്ടുള്ള ബജറ്റിൽ കാർഷിക കാർഷികേതര രംഗങ്ങളിൽ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ, റസിഡൻറ്സ് അസോസിയേഷനുകൾ, വനിതാ കൂട്ടായ്മകൾ എന്നിവയിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്, ഏത്തവാഴ കൃഷി പ്രോത്സാഹിപ്പിക്കാൻ 'നാട്ടിലെ വാഴ വീട്ടിലെ ഉപ്പേരി',

പച്ചക്കറി വികസന പദ്ധതി, പുഷ്പകൃഷി, എം. ബയോ ജൈവ വളം നിർമാണം, മുളവൂർ കൂർക്ക സംരക്ഷണ പദ്ധതി, വനിതാ കഫേ, ജോബ് പോർട്ടൽ, സ്വാശ്രയം തൊഴിൽ സംരംഭങ്ങൾ, ബയോപോട്ട് നിർമാണ യൂണിറ്റ് എന്നിവ വനിതാ ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുണ്ട്.

ഓട്ടിസം ബാധിച്ച കുട്ടികളുടെ ഇന്ദ്രിയ ശേഷി പോഷിപ്പിക്കുന്നതിനുള്ള ന്യൂറോ സെൻസറി പാർക്ക്, തെറാപ്പി സെൻറർ, സ്കോളർഷിപ്പ്, ബഡ്സ് റിഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ, വിനോദയാത്ര തുടങ്ങി നൂതന പദ്ധതി നിർദേശങ്ങളുണ്ട്. എൽപി സ്കൂൾ കുട്ടികളുടെ കായികശേഷി വർധിപ്പിക്കുന്നതിന് ഹെൽത്തി ന്യൂജെൻ പദ്ധതി, ശാസ്ത്ര പഠന ക്യാമ്പുകൾ എന്നിവ കുട്ടികൾക്കായി ആസൂത്രണം ചെയ്തിട്ടുണ്ട്.

വയോജനങ്ങൾക്ക് യോഗ പരിശീലനം, പാലിയേറ്റീവ് രോഗികൾക്ക് പരിചരണ പദ്ധതി, ഡയാലിസിസ് രോഗികൾക്ക് മരുന്നു വാങ്ങി നൽകുന്നതിന് ഡയാമെഡ് പദ്ധതി എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടിക ഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനായുള്ള മാതൃകാ ഗ്രാമം പദ്ധതി, മാർഗദീപം പരിശീലന പരിപാടി എന്നിവ ശ്രദ്ധേയമായ ചുവടുവയ്പാണ്.

## കൊലപാതക ശ്രമം: പ്രധാന പ്രതിയുമായി തെളിവെടുപ്പ് നടത്തി

എരുമപ്പെട്ടി: മരത്തംകോട് സ്വദേശിയായ സെജീറിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രധാന പ്രതിയെ സംഭവസ്ഥലത്തെത്തിച്ച് പോലീസ് തെളിവെടുപ്പ് നടത്തി.

റിമാൻഡിൽ കഴിഞ്ഞിരുന്ന കോട്ടയം മണിമല കിഴക്കേക്കര വീട്ടിൽ രമേഷ് കുമാറിനെയാണ് എരുമപ്പെട്ടി പോലീസ് കസ്റ്റഡിയിൽവാങ്ങി തെളിവെടുപ്പ് നടത്തിയത്. കേസിലെ നാലാംപ്രതിയായ രമേഷ് കുമാറാണ് വാളുപയോഗിച്ച് സെജീറിനെ മാരകമായി വെട്ടിപ്പരിക്കേല്പിച്ചത്. 2023 സെപ്റ്റംബർ 15ന് രാത്രി പത്തോടെയാണ് ആക്രമണമുണ്ടായത്.

പന്നിത്തടത്ത് ചിക്കൻ സെൻറർ നടത്തുന്ന സെജീർ കടയ്ക്ക് മുന്നിൽ സുഹൃത്തിനോടും കുടുംബത്തോടും സംസാരിച്ചു നിൽക്കുമ്പോൾ കാറിലെത്തിയ നാലംഗ സംഘം വാൾ ഉൾപ്പടെയുള്ള മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിക്കുകയായിരുന്നു. ഒന്നും രണ്ടും മൂന്നും പ്രതികളായ എയ്യാൽ സ്വദേശി രാഹുൽ, കൈപറമ്പ് സ്വദേശി സയ്യിദ് റഹ്മാൻ, വരന്തരപ്പിള്ളി സ്വദേശി പൂപ്പാറ സനോജ് എന്നിവരെ പോലീസ് നേരത്തെ അറസ്റ്റുചെയ്തു.

രാഹുലും സയ്യിദ് റഹ്മാനും സുഹൃത്തിൻറെ ഭാര്യയെ ശല്യം ചെയ്യുന്നത് സെജീർ ചോദ്യം ചെയ്യുകയും പോലീസിൽ പരാതി നൽകുകയും ചെയ്തതാണ് ആക്രമണത്തിന് കാരണം. സെജീറിനെ കൊലപ്പെടുത്താൻ കൊടും ക്രിമിനലായ രമേഷ്കുമാറിന് മറ്റു പ്രതികൾ ക്വട്ടേഷൻ നൽകിയതാണ്. കൃത്യത്തിനുശേഷം മൈസൂരിലേക്ക് കടന്ന പ്രതി പിന്നീട് കോട്ടയം മണിമലയിൽ ഒളിവിൽ കഴിയുകയായിരുന്നു.

മണിമല പോലീസിൻറെ സഹായത്തോടെയാണ് പ്രതിയെ എരുമപ്പെട്ടി പോലീസ് അറസ്റ്റ് ചെയ്തത്. എസ്ഐ സി. ശ്രീകുമാർ, എഎസ്ഐ എ.വി. സജീവ്, സിപിഒ ജിനോ സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ തെളിവെടുപ്പ് നടത്തിയത്.

## ലോകായുക്ത സിറ്റിങ്

കേരള ലോകായുക്ത ഫെബ്രുവരിയിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തും. 20 ന് കണ്ണൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ജസ്റ്റിസ് ഹാറൂൺഅൽറഷീദും, 21 ന് ജസ്റ്റിസ് സിറിയക് ജോസഫും ജസ്റ്റിസ് ഹാറൂൺഅൽറഷീദും ഉൾപ്പെട്ട ഡിവിഷൻ ബഞ്ചും സിറ്റിങ് നടത്തും. 22 ന് കോഴിക്കോട് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ഡിവിഷൻ ബഞ്ച് സിറ്റിങ്ങും 23 ന് സിംഗിൾ ബഞ്ച് സിറ്റിങ്ങും നടക്കും.

## ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനായി ഫെബ്രുവരി 16നു രാവിലെ 11നു വാക് ഇൻ ഇന്റർവ്യൂ നടത്തും. താത്പര്യമുള്ള ഉദ്യോഗാർഥികൾ അന്നേ ദിവസം യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2386000

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പാലോട് മേള ഏഴു മുതൽ 16 വരെ

പാലോട്: പാലോടിൻറെ ദേശീയ മഹോത്സവമായ കന്നുകാലിച്ചന്തയും കാർഷിക കലാസാംസ്കാരിക മേളയും വിനോദസഞ്ചാര വാരാഘോഷവും ഫെബ്രുവരി ഏഴു മുതൽ 16 വരെ നടക്കും.

സെമിനാറുകൾ, സാംസ്കാരി ക സമ്മേളനങ്ങൾ, കലാ പരിപാടികൾ, ചിത്രചനാമത്സരങ്ങൾ, സംസ്ഥാനതല കബഡി, വോളിബോൾ ടൂർണമെൻറുകൾ, പുഷ്പ, ഫലസസ്യ പ്രദർശനവും വിൽപനയും, പ്രദർശന, വിപണന മേളകൾ, അമ്യൂസ്മെൻറ് പാർക്ക്, കന്നുകാലിച്ചന്ത, ഫുഡ് ഫെസ്റ്റ് എന്നിവ മേളയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

ഏഴിനു രാവിലെ ഒന്പതിന് മേളയുടെ ഉദ്ഘാടനം സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ. മധു നിർവഹിക്കും. വൈകുന്നേരം അഞ്ചിനു നടക്കുന്ന ഉദ്ഘാടന സമ്മേളനം സൂര്യ കൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്യും. കലാകായിക മേളയുടെ ഉദ്ഘാടനം അടൂർ പ്രകാശ് എംപി നിർവഹിക്കും. നടനും സംവിധായകനുമായ മധുപാൽ വിശിഷ്ടാതിഥി ആയിരിക്കും.

പുസ്കതോത്സവത്തിൻറെ ഉദ്ഘാടനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്തും ആദ്യവിൽപ്പന അഡ്വ.എൻ. ഷൗക്കത്തലിയും നിർവഹിക്കും. രാത്രി ഒന്പതിന് മ്യൂസിക്കൽ ഷോ.

എട്ടിനു വൈകുന്നേരം അഞ്ചു നു സാംസ്കാരിക സമ്മേളനം ആലംകോട് ലീലാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഡോ. ജോർജ് ഓണക്കൂർ, ഡോ. എം.എ. സിദ്ധിഖ്, എ.ജി. ഒലീന, എസ്.ആർ.ലാൽ, സുജിത് സുന്ദർ, പാലോട് ദിവാകരൻ തുടങ്ങിയവർ പങ്കെടുക്കും. രാത്രി എട്ടു മുതൽ കലാമേള. ഫോക്കസ് ഡേ കെയർ ആൻഡ് പ്ലേ സ്കൂൾ പാലോട് അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ. രാത്രി 9 മുതൽ ട്രാക്ക് ഗാനമേള.

ഒന്പതിന് രാവിലെ 10 മുതൽ സൗജന്യ ദന്തപരിശോധന ക്യാമ്പ്. തിരുവനന്തപുരം ദന്തൽകോളേജും മേള കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിക്കും. രാവിലെ 10 മുതൽ കൃഷിയിടം 2024 ആരംഭിക്കും.

വിവിധ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ പങ്കെടുക്കുന്ന കാർഷിക ക്വിസ് മത്സരം, കർഷകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും കൃഷി സംബന്ധിയായ പ്രബന്ധങ്ങൾ കുട്ടികൾ അവതരിപ്പിക്കുകയും ചെയ്യുന്ന പരിപാടി, കർഷക സംഗമവും മയോര കർഷക അവാർഡ് വിതരണം എന്നിവ ഇതോടനുബന്ധിച്ച് നടക്കും. വൈകുന്നേരം അ ഞ്ചിനു കൃഷി മന്ത്രി പി. പ്രസാദ് കർഷകർക്ക് അവാർഡുകൾ വിതരണം ചെയ്യും. രാത്രി 8.30 മുതൽ മ്യൂസിക് ഷോ.

പത്തിന് രാവിലെ 10 നടക്കുന്ന സെമിനാർ സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് എൻ. കൃഷ്ണൻനായർ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 4.30ന് നടക്കുന്ന സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. ശൈലജാബിഗത്തിൻറെ അധ്യക്ഷതയിൽ ഗായത്രി വർഷ ഉദ്ഘാടനം ചെയ്യും. രാത്രി ഏഴിന് കേരളനടനം. രാത്രി ഒന്പതു മുതൽ നാടൻ പാട്ട് പാണ്ഡവപ്പട.

11ന് രാവിലെ 10നുള്ള സെമിനാർ ജില്ലാ കലക്ടർ ജെറോമിക് ജോർജ് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം അഞ്ചിന് യുവജന സമ്മേളനം എ.എ. റഹീം എംപി ഉദ്ഘാടനം ചെയ്യും. ടി.ടി. ജിസ്മോൻ, ജെയ്ക് സി. തോമസ്, അഡ്വ. വിനോദ് സെൻ, ആർ. സജിത് തുടങ്ങിയവർ പ്രഭാഷണം നടത്തും. രാത്രി ഒന്പതു മുതൽ പത്മശ്രീ തിലകൻറെ അക്ഷരജ്വാല അവതരിപ്പിക്കുന്ന നാടകം ഉൾക്കടൽ.

12ന് രാവിലെ 10 മുതൽ കാൻസർരോഗ നിർണയ ക്യാമ്പ്. വൈകുന്നേരം അഞ്ചിനു കലിഡോസ്കോപ് മജീഷ്യൻ അരുൺ ബാബു അവതരിപ്പിക്കുന്ന മാജിക് ഷോ. രാത്രി ഏഴിനു സംസ്ഥാനതല കബഡി ടൂർണമെൻറ് സ്പോർട്സ് കൗൺസിൽ അംഗം കരമന ഹരി ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ കബടി ടീം മുൻ കോച്ച് ഉദയകുമാർ മുഖ്യാതിഥിയായി പങ്കെടുക്കും.

13നു രാവിലെ 10 മുതൽ മേള ഓഡിറ്റോറിയത്തിൽ വൈറ്റ് ഹോസ്പിറ്റൽ സംഘടിപ്പിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ്. ഓർത്തോ, ത്വക്ക് രോഗ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ പങ്കെടുക്കും. വൈകുന്നേരം അഞ്ചിനു കാവ്യസന്ധ്യ മുരുകൻ കാട്ടാക്കട ഉദ്ഘാടനം ചെയ്യും.

14 രാവിലെ 10 മുതൽ നൈപുണ്യ വികസന പരിശീലനം എന്ന വിഷയത്തിൽ സെമിനാർ കെ. ആൻസലൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. വൈകുന്നേരം നാലു മുതൽ ശരീരസൗന്ദര്യ മത്സരം. രാത്രി 8.30 മുതൽ പത്തനാപുരം ഗാന്ധിഭവൻ അവതരിപ്പിക്കുന്ന നാടകം.

15 രാവിലെ 10 മുതൽ ആയുർവേദ മെഡിക്കൽ ക്യാമ്പ്. വൈകുന്നേരം മൂന്നു മുതൽ ഗ്രാമീണ മത്സരങ്ങൾ. വൈകുന്നേരം ആറിന് നാടകമേള സംവിധായകൻ പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചയ്യും. വട്ടപ്പറമ്പിൽ പീതാംബർ അധ്യക്ഷനാകും.

16ന് വൈകുന്നേരം ആറിനു സമാപന സമ്മേളനം. ഡി.കെ. മുരളി എംഎൽഎ അധ്യക്ഷനാകും. മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. മന്ത്രി ജി.ആർ. അനിൽ മുഖ്യാതിഥി. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, അഡ്വ. വി. ജോയി എംഎൽഎ, പാലോട് രവി എക്സ് എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

രാത്രി ഒന്പതു മുതൽ ഐഡിയ സ്റ്റാർ സിംഗർ ഫെയിം ശ്രീനാഥ് ശിവശങ്കരൻറെ നേതൃത്വത്തിൽ ശ്രീദുർഗ നീലചുള്ളൻസ് അവതരിപ്പിക്കുന്ന മ്യൂസിക്കൽ ഫ്യൂഷൻ എന്നിവ നടക്കുമെന്ന് ചെയർമാൻ ഡി.രഘുനാഥൻ നായർ, ജനറൽ സെക്രട്ടറി പി.എസ്. മധു, ട്രഷറർ ഇ. ജോൺകുട്ടി, മീഡിയ കൺവീനർ പി.രജി തുടങ്ങിയവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

# ജില്ലയിലെ വോട്ടിംഗ് അനുഭവം മികച്ചതാക്കാൻ പരിശ്രമിക്കണം: സഞ്ജയ് കൗൾ

കൊല്ലം :കൂടുതൽ സ്ത്രീസൗഹൃദ ബൂത്തുകൾ ഉൾപ്പെടെ നിർമിച്ച് ജില്ലയിലെ വോട്ടിംഗ് അനുഭവം മികച്ചതാക്കാൻ എല്ലാവരും പരിശ്രമിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

ബൂത്തുകളിലെ ക്യൂ നീണ്ടുപോകാതിരിക്കാനുള്ള ക്രമീകരണങ്ങൾ നടത്തണം. ആർക്കും വോട്ടു ചെയ്യാൻ അധികനേരം കാത്തുനിൽക്കേണ്ട അവസ്ഥയുണ്ടാവരുതെന്നും അദ്ദേഹം പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ എൻ .ദേവിദാസുമായി ചേർന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കായി നടത്തിയ യോഗത്തിലായിരുന്നു പരാമർശം.ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എല്ലാ ബൂത്തുകളും നേരിട്ട് സന്ദർശിച്ച് റിപ്പോർട്ട് നൽകണം. ബൂത്തുതലത്തിൽ അസൗകര്യങ്ങൾ പരിഹരിക്കാൻ ഇത് ഉപകരിക്കും. ഭിന്നശേഷിക്കാർക്കുള്ള റാംപുകൾ, കുടിവെള്ളം വൈദ്യുതി തുടങ്ങിയവ ഉറപ്പു വരുത്തണം. കൂടാതെ ബൂത്തുലവൽ ഓഫീസർമാർ വോട്ടർമാരുടെ വീടുകളിലെത്തി പരിശോധന നടത്തണം.

കിഴക്കൻ മലയോര പ്രദേശമായ പുനലൂർ മണ്ഡലത്തിൽ വോട്ടിങ് വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. വനപ്രദേശം, സെറ്റിൽമെന്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.തിരഞ്ഞെടുപ്പിന് മുന്നോടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലനം ഫലപ്രദമാക്കണം. ആവശ്യമെങ്കിൽ അവസാനവട്ട പരിശീലനങ്ങൾ നൽകണം. വോട്ടർ പട്ടികയുടെ കൃത്യത ഉറപ്പുവരുത്താൻ ബി എൽ ഒമാർ പരിശോധന നടത്തണമെന്നും സഞ്ജയ് കൗൾ പറഞ്ഞു. തുടർന്ന് പോലീസ് ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സിറ്റി പോലീസ് കമ്മീഷണർ വിവേക് കുമാർ, റൂറൽ എസ് പി സാബു മാത്യു തുടങ്ങിയവർ പങ്കെടുത്തു. തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടർ ജേക്കബ് സഞ്ജയ് ജോൺ, എൻ ഐ സി ഓഫീസർ ജിജി ജോർജ്, ഇ ആർ ഒ മാരായ തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.

# വേനൽ കടുക്കും; ജലക്ഷാമം രൂക്ഷമാകും: ജീവൻ വയ്ക്കാതെ ജൽജീവൻ മിഷൻ പദ്ധതികൾ

പത്തനംതിട്ട: മണ്ണിനടിയിൽ കുഴിച്ചുമൂടിയ പൈപ്പുകൾ നിത്യസ്മാരകങ്ങളായി മാറുമോയെന്ന ആശങ്കയിലാണ് നാട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ വെള്ളം എത്തുന്നതിനുള്ള കാത്തിരിപ്പ് നീളുമെന്നു കരാറുകാർ പറഞ്ഞു തുടങ്ങിയതോടെ നാടൊട്ടുക്ക് ആശങ്ക.

ജില്ലയിലെ ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങളിലും ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പീടിൽ ജോലികൾ പൂർത്തിയായി വരികയാണ്. വെള്ളത്തിൻറെ ഉറവിടമോ ശുദ്ധീകരണ പ്ലാൻറോ സംഭരണികൾക്കുള്ള സ്ഥലമോ കണ്ടെത്താതെപോലും പലയിടത്തും പൈപ്പിടീൽ പുരോഗമിക്കുയാണ്. കേന്ദ്ര സർക്കാരിൻറെ പങ്കാളിത്തമുള്ള പദ്ധതിയിൽ ലഭിച്ച ആദ്യവിഹിതം ഉപയോഗിച്ച് പൈപ്പ് ഇടീൽ ജോലികൾക്കു കരാർ നൽകുകയായിരുന്നു.ഇതിനു പിന്നാലെ ജലസ്രോതസുകൾക്കും ശുദ്ധീകരണ പ്ലാൻറിനും ജലസംഭരണികളുടെ നിർമാണത്തിനുമൊക്കെ കരാറും ഉപകരാറും നൽകും. എന്നാൽ ആദ്യഘട്ട ജോലികളുടെ പണം ലഭ്യമല്ലാതായതോടെ കരാറുകാർ മെല്ലെപ്പോക്കിലായി. കേന്ദ്രവിഹിതം ലഭിച്ചുവെങ്കിലും സംസ്ഥാന വിഹിതവും തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവുമൊക്കെ ചേർന്നാലേ വീടുകളിൽ വെള്ളമെത്തൂവെന്നതാണ് അവസ്ഥ.

# ചുവപ്പുനാടയിൽ കുരുങ്ങി കെട്ടിടം പൊളിക്കൽ; എങ്ങുമെത്താതെ നിർമാണം

മാന്നാർ: ചുവപ്പുനാടയിൽ കുരുങ്ങി കെട്ടിടം പൊളിക്കൽ; എങ്ങുമെത്താതെ കെട്ടിട സമുച്ചയ നിർമാണം. സ്റ്റോർ ജംഗ്ഷനിൽ ബസ്സ്റ്റാൻഡിനോട് ചേർന്നു പഞ്ചായത്ത് സ്ഥലത്ത് അടുപ്പുകൂട്ടിയതു പോലെ ലക്ഷങ്ങൾ മുടക്കിയ മൂന്നു സ്ഥാപനങ്ങളുണ്ട്.

പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ, വൃദ്ധമന്ദിരം, തുറന്ന സ്റ്റേജ് എന്നിവയാണ് സ്ഥാപനങ്ങൾ. വർഷങ്ങളായി അടഞ്ഞുകിടക്കുന്ന ഈ സ്ഥാപനങ്ങൾ പൊളിച്ചുനീക്കുവാൻ പഞ്ചായത്ത് ഭരണസമിതിയിൽ ഒരു വർഷം മുൻപ് തീരുമാനമായി. ഓപ്പൺ എയർ ഓഡിറ്റോറിയം നിർമിച്ചിട്ട് നാലുവർഷം മാത്രമേ ആയിട്ടുള്ളുവെന്നതിനാൽ ഇതു പൊളിക്കുന്നതിനെ അന്ന് പ്രതിപക്ഷ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകിയെങ്കിലും ഭരണസമിതിയുടെ ഭൂരിപക്ഷാഭിപ്രായത്തിൽ പൊളിച്ച് നീക്കാൻ തീരുമാനിക്കുകയായിരുന്നു.

മന്ത്രി സജി ചെറിയാൻറെ വികസന ഫണ്ടുപയോഗിച്ച് മാന്നാർ സ്റ്റോർ ജംഗ്ഷനിൽ ബസ്സ്റ്റാൻഡിനു സമീപത്തു പുതുതായി നിർമിക്കുന്ന കെട്ടിട സമുച്ചയത്തിനായിട്ടാണ് ഇവ പൊളിച്ചു നീക്കാൻ തീരുമാനിച്ചത്.

തീരുമാനമെടുത്തിട്ട് വർഷം ഒന്ന് കഴിഞ്ഞങ്കിലും ഇനിയും നടപടികൾ ഒന്നുമായില്ല. 2006 ൽ നിർമിച്ച കമ്യൂണിറ്റി ഹാൾ മുഴക്കവും കുടിവെള്ള പ്രശ്നവും കാരണം പരിപാടികൾ നല്ല രീതിയിൽ നടത്താൻ കഴിയാത്ത അവസ്ഥയിലായിരുന്നു.

ഹരിതകർമസേന വീടുകളിൽനിന്നു ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനായിട്ടാണ് കമ്യുണിറ്റി ഹാൾ നിലവിൽ ഉപയോഗിച്ച് വരുന്നത്. പല തവണ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ലക്ഷങ്ങൾ മുടക്കി നവീകരിക്കുമെങ്കിലും ഉപയോഗപ്രദമാക്കുവാൻ കഴിഞ്ഞില്ല.

തുറന്ന സ്റ്റേജിലും ഇതുവരെ ഒരു പരിപാടി പോലും നടത്തുവാൻ കഴിഞ്ഞില്ല. നിലവിൽ അവിടെയും ഹരിത കർമസേനയുടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുവാൻ വേണ്ടിയാണ് ഉയോഗിക്കുന്നത്.

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച വൃദ്ധസദനം 2010ലാണ് ഉദ്ഘാടനം ചെയ്തത്. വയോജനങ്ങളുടെ സാന്ത്വന പരിചരണം ലക്ഷ്യമാക്കി നിർമ്മിച്ച വൃദ്ധ സദനം പണിതിട്ട് 13 വർഷം പിന്നിട്ടെങ്കിലും ഇതുവരെ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല.

കെട്ടിടം ഉപയോഗപ്രദമല്ലെന്ന് എൻജിനീയർ സർട്ടിഫൈ ചെയ്ത ശേഷവും അതിനു മുകളിൽ ട്രസ് വർക്ക് ചെയ്തും ലക്ഷങ്ങൾ പാഴാക്കിയിരുന്നു. ഇങ്ങനെ ഉപയോഗ ശൂന്യമായ രണ്ടു കെട്ടിടങ്ങൾക്ക് നടുവിലാണ് കഴിഞ്ഞ ഭരണ സമിതി 2019 20 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 10 ലക്ഷം രൂപ ചെലവഴിച്ച് തുറന്ന സ്റ്റേജ് നിർമിച്ചത്. ഇവയെല്ലാം പൊളിച്ചുനീക്കി വലിയ കെട്ടിട സമുച്ചയം നിർമിക്കാനാണ് പദ്ധതിയിട്ടത്.

കിടത്തി ചികിത്സ ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങളോടെയുള്ളഗവ. ആയുർവേദ ആശുപത്രി, മികച്ച സൗകര്യങ്ങളോടെ കമ്യുണിറ്റി ഹാൾ, മുറികൾ എന്നിവയുൾപ്പടെ നിർമിക്കാനാണ് നിലവിലുള്ളവ പൊളിക്കുവാൻ തീരുമാനിച്ചത്. എന്നാൽ, പൊളിക്കാൻ തീരുമാനിച്ചിട്ടും അതിനും കഴിയാത്ത അവസ്ഥയിലാണ് അധികൃതർ.

ചില സാങ്കേതികത്വമാണ് പൊളിക്കാൻ കഴിയാത്തതെന്നാണ് അധികൃതർ പറയുന്നത്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് നിലവിലെ കെട്ടിടങ്ങൾ പൊളിച്ച് നീക്കി കെട്ടിടസമുച്ചയം നിർമിക്കാൻ നടപടികൾ ഉടൻ ആരംഭിക്കുമെന്നും അധികൃതർ പറഞ്ഞു.

# വളർത്തുനായ്ക്കൾ അഞ്ഞൂറു താറാവുകളെ കടിച്ചുകൊന്നു

തുറവൂർ: 500 ഓളം താറാവുകളെ നായ്കൾ കടിച്ചുകൊന്നു. മുട്ടയിടുന്ന താറാവുകളെയാണ് നായ്ക്കൾ കടിച്ചുകൊന്നത്. തിങ്കളാഴ്ച രാത്രിയിലാണ് നായ്ക്കൂട്ടം കൂടിൻറെ വാതിലിൻറെ കയർ കടിച്ചു പൊട്ടിച്ച് ഉള്ളിൽക്കയറി താറാവുകളെ ആക്രമിച്ചത്. അരൂർ പഞ്ചായത്ത് പതിനൊന്നാം വാർഡിൽ ടിസിസിയിൽ നിന്ന് റിട്ടയർ ചെയ്ത ചന്തിരൂർ കളപുരയ്ക്കൽ കെ.കെ. പുരുഷോത്തമൻറേതാണ് താറാവുകൾ. പുരുഷോത്തമൻ സർവീസിൽനിന്ന് വിരമിച്ച ശേഷം ഉപജീവനത്തിനായാണ് താറാവ് വളർത്തൽ നടത്തുന്നത്.

സമീപത്ത് താമസിക്കുന്ന സുഭാഷിൻറെ വീട്ടിൽ വളർത്തുന്ന പത്തോളം നായ്ക്കളാണ് താറാവുകളെ കടിച്ചുകൊന്നതെന്ന് താറാവ് ഉടമ പുരുഷോത്തമൻ പറഞ്ഞു. സുഭാഷിൻറെ വീട്ടിൽനിന്ന് നായ്ക്കൾ കടിച്ചുകൊന്ന താറാവിനെ കണ്ടെടുത്തിട്ടുണ്ട്. ഓട്ടോഡ്രൈവറായ ഇയാൾ രാത്രി ഓട്ടം കഴിഞ്ഞ് വീട്ടിലേക്കു വരുമ്പോൾ ഹോട്ടൽ അവശിഷ്ടങ്ങൾ കൊണ്ടുവന്ന് പട്ടികൾക്ക് കൊടുക്കാറുണ്ട്. അങ്ങനെ പട്ടികൾ അവിടെ തമ്പടിക്കാൻ തുടങ്ങി. ഭക്ഷണം കിട്ടാതെ വന്നതാണ് താറാവുകളെ ആക്രമിക്കാൻ ഇടയാക്കിയതെന്നും പറയുന്നു.

616 താറാവുകളെ മുന്നൂറു രൂപ പ്രകാരം അഞ്ചുമാസം മുൻപ് വാങ്ങിയതാണ്. മുട്ടയിടുന്ന താറാവുകളെയാണ് വാങ്ങിയത്. കഴിഞ്ഞ ദിവസം 403 മുട്ടകൾ ലഭിച്ചതാണ്.

എരമല്ലൂർ തഴുപ്പ് പ്രദേശത്ത് വീടിനു സമീപമുള്ള 43 സെൻറ് ഭൂമിയിലാണ് താറാവ് വളർത്തൽ നടത്തുന്നത്. രണ്ടരലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ബന്ധപ്പെട്ട അധികാരികൾക്കു പരാതി നൽകുമെന്ന് പുരുഷോത്തമൻ പറഞ്ഞു.

# മലങ്കര ഡാമിലെ ചെളിയും മണലും നീക്കും

തൊടുപുഴ: മലങ്കര ഡാമിൽനിന്ന് ചെളിയും മണലും എക്കലും നീക്കി സംഭരണ ശേഷി വർധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കാൻ മന്ത്രി റോഷി അഗസ്റ്റിൻ നിർദേശം നൽകി. അണക്കെട്ടിൻറെ സംഭരണ ശേഷി 36.36 ദശലക്ഷം ഘന മീറ്റർ ആണ്. എന്നാൽ കാലങ്ങളായി എക്കലും ചെളിയും മണലും അടിഞ്ഞു കൂടിയതിനെ തുടർന്ന് ഇത് 51 ശതമാനമായി കുറഞ്ഞിരുന്നു.

സംഭരണ ശേഷിയുടെ പകുതിയോളം നഷ്ടപ്പെട്ട സാഹചര്യമായിരുന്നു. 18 ദശലക്ഷം ഘന മീറ്റർ ചെളിയും മണ്ണും എക്കലുമാണ് നീക്കം ചെയ്യേണ്ടത്. ഈ പ്രവൃത്തി ടേൺ കീ അടിസ്ഥാനത്തിലുള്ള ടെൻഡർ മുഖേനയാണ് നടപ്പാക്കുക.

കരാർ ഏറ്റെടുക്കുന്ന കന്പനി ഡീസിൽറ്റേഷൻ പ്രവർത്തികൾ പൂർത്തിയാക്കി സർക്കാരിലേക്ക് പണം അടയ്ക്കുന്നതാണ് ടേൺ കീ സന്പ്രദായം.

മുൻപ് പാലക്കാട് ജില്ലയിലുള്ള മംഗള ഡാമിൽ ഇതേ മാതൃകയിൽ കരാർ നൽകിയിരുന്നു. നിലവിൽ ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽ വിവിധ ഏജൻസികൾ ഡീസിൽറ്റേഷൻ പ്രവർത്തികൾ നടത്തി വരുന്നുണ്ട്.

മുട്ടത്ത് തൊടുപുഴയാറിനു കുറുകെ നിർമിച്ചിരിക്കുന്ന ചെറിയ അണക്കെട്ടാണ് മലങ്കര. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായാണ് ഇതു നിർമിച്ചിരിക്കുന്നത്.

ഇടുക്കി അണക്കെട്ടിൽനിന്നുള്ള ജലം ഉപയോഗിച്ച് മൂലമറ്റം പവർ ഹൗസിൽ വൈദ്യുതി ഉത്പാദിപ്പിച്ച ശേഷം പുറന്തള്ളുന്ന ജലം തടഞ്ഞു നിർത്തി ജലസേചനത്തിനും കാർഷികാവശ്യങ്ങൾക്കും വൈദ്യുതി ഉത്പാദനത്തിനുമാണ് ഉപയോഗിക്കുന്നത്.

# ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കർശന നടപടിയുമായി ജില്ലാ ഭരണകൂടം

ഇടുക്കി: ജില്ലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കർശന നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യസുരക്ഷ ജില്ലാതല ഉപദേശക സമിതി യോഗത്തിൽ ജില്ലാ കളക്ടർ ഷീബ ജോർജ് അറിയിച്ചു. ഭക്ഷണം പാഴ്സലായി വിൽപ്പന നടത്തുന്നവർ പാഴ്സൽ ലേബലിൽ ഭക്ഷണം തയാറാക്കിയ സമയം, ഉപയോഗിക്കേണ്ട സമയപരിധി എന്നിവ കൃത്യമായി രേഖപ്പെടുത്തണം.

ഫുഡ് സേഫ്റ്റി ലൈസൻസ്, തൊഴിലാളികൾക്ക് ലേബർ കാർഡ് എന്നിവ ഭക്ഷണശാലകളുടെ ഉടമകൾ ഉറപ്പാക്കണം. ജലഗുണനിലവാരം ഇല്ലാത്ത ഹോട്ടലുകളുടെ ലൈസൻസ് മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യും. ഗുണനിലവാരം പുലർത്തുന്ന ഹോട്ടലുകളുടെ വിവരങ്ങൾ സർക്കാറിൻറെ ഈറ്റ്റൈറ്റ് മൊബൈൽ ആപ്പിൽ ഉൾപ്പെടുത്തും.

ജില്ലയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് മികച്ച ഭക്ഷണം ലഭിക്കുന്ന ഹോട്ടലുകളെക്കുറിച്ചുള്ള വിവരങ്ങൾ ഇതുവഴി അറിയാനാകും. നിലവാരമുള്ള ഹോട്ടലുകളുടെ വിവരവും അവയുടെ ലൊക്കേഷനും ആപ്പിൽ ലഭ്യമാണ് . വിവിധ പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും ശേഷമാണ് ത്രീ സ്റ്റാർ മുതൽ ഫൈവ് സ്റ്റാർ വരെയുള്ള റേറ്റിംഗ് സ്ഥാപനങ്ങൾക്ക് നൽകുന്നത്.

സ്കൂളുകൾക്കു സമീപം ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്ന കടകളിൽ പരിശോധന നടത്താൻ പ്രത്യേക സ്ക്വാഡ് രൂപീകരിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിലടക്കം കുടിവെള്ള പരിശോധന കർശനമാക്കാനും ഉത്സവ, പെരുന്നാൾ സ്ഥലങ്ങളിൽ താത്കാലിക മായി പ്രവർത്തിക്കുന്ന ഭക്ഷ്യസ്റ്റാളുകളിൽ മിന്നൽ പരിശോധന നടത്താനും നിർദേശം നൽകിയിട്ടുണ്ട്.

ഭക്ഷ്യസുരക്ഷ അസിസ്റ്റൻറ് കമ്മീഷണർ ജോസ് ലോറൻസ്, നോഡൽ ഓഫീസർ ഡോ. എം. രാകേന്ദു, ജില്ലാ സപ്ലൈ ഓഫീസർ കെ.പി. സജിമോൻ എന്നിവർ പങ്കെടുത്തു.

# ഉയരപ്പാത വേണം: മാർച്ചിൽ പ്രതിഷേധം ഇരമ്പി

കായംകുളം: ദേശീയപാത വികസിക്കുമ്പോൾ കായംകുളത്ത് ഉയരപ്പാത നിർമിക്കണമെന്ന ആവശ്യവുമായി കായംകുളത്ത് ജനകീയ സമരസമിതി ദേശീയപാത നിർമാണ പ്ലാൻറിലേക്ക് നടത്തിയ മാർച്ചിൽ പ്രതിഷേധം ഇരമ്പി. ഇന്ത്യൻ റോഡ് കോൺഗ്രസിൻറെ മാനദണ്ഡങ്ങൾ ലംഘിച്ചു ദേശീയപാത അഥോറിറ്റി കായംകുളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരേ വലിയ പ്രതിഷേധമാണ് ഉയർന്നത്.

ഷഹീദാർ മസ്ജിദ് ജംഗ്ഷനിൽനിന്ന് ആരംഭിച്ച മാർച്ച് ദേശീയപാത വഴി ഒഎൻകെ ജംഗ്ഷനു സമീപമുള്ള നിർമാണ പ്ലാൻറിന് മുന്നിൽ എത്തിയപ്പോൾ പോലീസ് തടഞ്ഞു. എ. ഷാജഹാൻ മാർച്ച് ഫ്ളാഗ് ഓഫ് ചെയ്തു. എൻ. ശിവദാസൻ ഉദ്ഘാടനം ചെയ്തു. സമരസമിതി ചെയർമാൻ അബ്ദുൽ ഹമീദ് ആയിരത്ത് അധ്യക്ഷത വഹിച്ചു.

# രക്തസാക്ഷിത്വ ദിനാചരണവും സിൽവർലൈൻ വിരുദ്ധ സമരത്തിൻെറ 650 -ാം ദിന സത്യഗ്രഹവും

മാടപ്പള്ളി: മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനാചരണവും സിൽവർലൈൻ വിരുദ്ധ സമരത്തിൻറെ 650ാം ദിന സത്യഗ്രഹവും കേരള കോൺഗ്രസ് ഉന്നതാധികാര സമിതി അംഗം വി.ജെ. ലാലി ഉദ്ഘടനം ചെയ്തു.ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ അധ്യക്ഷത വഹിച്ചു. ബാബു കുരീത്ര, ഷിനോ ഓലിക്കര, ദേവകുമാർ, റോസ്ലിൻ ഫിലിപ്പ്, രതീഷ് രാജൻ,പി.പി. സേവ്യർ, സുമതിക്കുട്ടിയമ്മ, എ.ടി. വർഗീസ്, ഷീബ വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

# റോഡ് നിർമാണം വൈകിപ്പിക്കുന്ന കരാറുകാരനെതിരേ നടപടി വേണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പത്തനംതിട്ട: റാന്നി പെരുനാട് റേഷൻകടപ്പടിമുളന്താനം പടി റോഡ് നിർമാണം അകാരണമായി താമസിപ്പിക്കുന്ന കരാറുകാരനെതിരേ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കൃത്യമായ സമയനിഷ്ഠ പാലിച്ച് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി റീബിൽഡ് കേരള പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകി. സ്വീകരിച്ച നടപടികൾ റീബിൽഡ് കേരള, കമ്മീഷനെ അറിയിക്കണം.

കരാർ ഒപ്പിട്ട ശേഷമുണ്ടായ ശക്തമായ മഴയിൽ റോഡിലെ ചില ഭാഗങ്ങളിൽ മണ്ണിടിച്ചിലുണ്ടായതായി റീബിൽഡ് കേരള ഡയറക്ടർ കമ്മീഷനെ അറിയിച്ചു. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി. ഇതിൻറെ അടിസ്ഥാനത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. നവംബർ 20ന് പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.

എന്നാൽ, കാറുകാരൻ യാതൊന്നും ചെയ്തിട്ടില്ലെന്ന് ഡിസംബർ 23ന് നടന്ന സിറ്റിംഗിൽ ഹാജരായ പരാതിക്കാരനായ എം.ജെ. ആൻറണിയും സി.ജെ. ബിജുവും കമ്മീഷനെ അറിയിച്ചു. തുടർന്നാണ് ഉത്തരവ് പാസാക്കിയത്.